മാധ്യമം ● ഞായർ ● 10 ഡിസംബർ 2017 ● ലക്കം 1541

വാരാദ്യ മാധ്യമം
varadyam@madhyamam.in



02 ദീപൻ ശിവരാമനുമായി അഭിമുഖം



04 അതിജീവനത്തിൻെറ മണിപ്പൂർ പാഠങ്ങൾ

**‘ബട്കലി’യെന്ന പേര് മറുനാട്ടുകാർ പലപ്പോഴും കേട്ടത് തീവ്രവാദികളുടെ പേരുകളുടെ വാൽത്തുമ്പായാണ്. മറുനാട്ടിൽ തീവ്രവാദപ്രവർത്തനം നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ബട്കലുകാർക്ക് മറ്റു കുടുംബനാമങ്ങളുണ്ടെങ്കിലും മുഖ്യധാരാ മാധ്യമങ്ങൾ അവരെ ബട്കലിയെന്നേ പറയൂ, എന്നാൽ നന്മയുടെ നറുമണമുള്ള ജീവിതമുറ്റങ്ങളാണ് ഇവിടെയുള്ളത്**

# നവായത്തുകളുടെ നാട്ടിൽ



ബട്കൽ ബീച്ച്

ഇജാസ് ഹസൻ

ദക്ഷിണേന്ത്യയിലെ ഇസ്‌ലാം പടർന്ന കൈവഴികളിലൂടെ, സാംസ്കാരിക സാന്നിധ്യത്തിൻെറ അവശേഷിപ്പുകൾ തേടിയൊരു യാത്രയായിരുന്നു പ്ലാറ്റ്ഫോം ഫോർ ഇന്നവേറ്റീവ് തോട്ട്സ് ആൻഡ് സോഷ്യൽ ആക്ഷൻ (പിറ്റ്സ) എന്ന ഞങ്ങളുടെ സംഘത്തിൻെറ ലക്ഷ്യം. കോഴിക്കോട് വലിയങ്ങാടിയിൽ കച്ചവടവേരുകളുള്ള എസ്.എം. സയ്യിദ് മുഹമ്മദ് സാഹിബ് ആൻഡ് ബ്രദേഴ്സ് ഇളമുറക്കാരൻ എസ്.എം. സയ്യിദ് മുഹമ്മദ് സാബിതാണ് ഞങ്ങളുടെ ആതിഥേയൻ. ബട്കൽ റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കുന്നുണ്ടായിരുന്നു അദ്ദേഹം. മസ്ജിദുകളിലൊന്നിൽ രാപാർക്കാൻ കരുതിയിരുന്ന ഞങ്ങൾക്കായി അദ്ദേഹത്തിൻെറ ബന്ധുവിൻെറ അതിഥിമന്ദിരംപോലെ സൗകര്യമുള്ള വീടൊഴിഞ്ഞിരിപ്പുണ്ടായിരുന്നു. പ്രാതൽ സാബിതിൻെറ വീട്ടിലായിരുന്നു.

ചൂടുപാറുന്ന ഷയ്യ ബിരിയാണിയെന്ന സേമിയവും കോഴിയും ചേർത്ത വിഭവവും ഹുബ്സ പൊലിയും ഞങ്ങൾക്കായി ഒരുക്കി. നാടിൻെറ തനത് വിഭവങ്ങളും മറുനാട്ടിൽനിന്ന് വിരുന്നെത്തിയ വിഭവങ്ങളും നവായത്തുകളുടെ ഭക്ഷണപ്പട്ടികയിലുണ്ട്. നമ്മുടെ ചട്ടിപ്പത്തിരിയിവർക്ക് ‘ബാഫഖി പൊലി’യാണ്, കാരണം എസ്.എം കുടുംബത്തിന് ഈ വിഭവം ആദ്യമായി സമ്മാനിച്ചത് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളായിരുന്നത്രെ.

ആദ്യ ദിനം അൻജുമൻ ഹാമിയെ മുസ്‌ലിമീൻെറ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഞങ്ങൾ സന്ദർശിച്ചത്. 1919ൽ എഫ്.എ. മുഹമ്മദ് ഹസൻ, എം.എം. സിദ്ദീഖ്, ഐ.എച്ച്. സിദ്ദീഖ് എന്നിവർ ചേർന്നാണ് അൻജുമൻ ട്രസ്റ്റിന് തുടക്കംകുറിച്ചത്. ആദ്യം പ്രൈമറി സ്കൂളാണ് സ്ഥാപിച്ചത്. പിന്നീട് ഒരു നൂറ്റാണ്ടിനകം 19 സ്ഥാപനങ്ങളും 7000 വിദ്യാർഥികളുമായി അൻജുമൻ തലയുയർത്തിനിൽക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെൻറടക്കമുള്ള സ്ഥാപനങ്ങളിൽ നിരവധി മലയാളികൾ പഠിക്കുന്നുണ്ട്. ബട്കലിലെ ഭൗതിക വിദ്യാഭ്യാസരംഗത്തിൻെറ മേൽവിലാസമാണ് അൻജുമൻ എന്നുതന്നെ പറയാം. കോൺഗ്രസ് മന്ത്രിയായിരുന്ന എസ്.എം. യഹിയ അടക്കമുള്ളവരാണ് പ്രസ്ഥാനത്തിന് ഊർജം നൽകിയത്.

റിട്ട. സർക്കാർ ഉദ്യോഗസ്ഥരും വ്യാപാര പ്രമുഖരും പൊതുപ്രവർത്തകരുമടങ്ങിയ ഭാരവാഹികൾ ബട്കലിൻെറ വിശേഷങ്ങൾ പങ്കുവെച്ചു. വിശിഷ്യ ഭൗതിക വിദ്യാഭ്യാസ നേട്ടങ്ങളും അൻജുമൻെറ സംഭാവനകളും. അൻജുമൻെറ മേന്മ സ്ഥാപനത്തിലെ അധ്യാപകനായ വയനാട്ടുകാരൻ ചാക്കോ മാഷും സാക്ഷ്യപ്പെടുത്തുന്നു.

## നവായത്തുകളുടെ നാൾവഴികൾ

ഉത്തര കന്നടയിലും കർണാടകയുടെ തീരപ്രദേശങ്ങളിലും തമിഴ്നാടിൻെറ ചില ഭാഗങ്ങളിലുമായി താമസിക്കുന്ന മുസ്‌ലിം വിഭാഗമാണ് നവായത്തുകൾ. സവിശേഷ സാംസ്കാരവും പൈതൃകവും കാത്തുസൂക്ഷിക്കുന്നവരാണ് ഇവർ. പേർഷ്യൻ, അറബി, മറാത്തി, ഹിന്ദി, കൊങ്കണി എന്നിവ ചേർന്ന നവായത്തി ഭാഷയാണ് ഇവർ സംസാരിക്കുന്നത്. പേർഷ്യൻ ലിപിയിലാണ് എഴുത്ത്. ഉർദു ഭാഷ രൂപപ്പെടുന്നതിനും ഏറെ മുമ്പ് നവായത്തി ഭാഷ പേർഷ്യൻ ലിപിയിലെഴുതപ്പെട്ടിരുന്നുവെന്നത് കൗതുകകരമാണ്.

മാത്രമല്ല, ഉർദു സംസാരിക്കുന്ന ഇതര ഇന്ത്യൻ മുസ്‌ലിംകൾ സുന്നി ഹനഫി മദ്ഹബുകാരാണ്. എന്നാൽ, നവായത്തുകൾ സുന്നി ശാഫി മദ്ഹബുകാരാണ്. ഹിജ്റ ഒന്നാം നൂറ്റാണ്ടിലേ അറബ് യാത്രസംഘങ്ങൾ ബട്കലിലെത്തിയെന്ന് കരുതപ്പെടുന്നു. ഹദർമൗത്തിൽനിന്നടക്കം എത്തിയ യാത്രാസംഘത്തിൽപെട്ടവരുടെ കുലീനത കണ്ട് തദ്ദേശീയരായ ജൈനന്മാരിൽ പലരും അവരുമായി വിവാഹബന്ധത്തിലേർപ്പെട്ടുണ്ടായ സങ്കരസന്തതികളാണ് നവായത്തുകളിൽ കൂടുതലും.

ദക്ഷിണ കാനറയിലെ ബാരികളെയും മലബാറിലെ മാപ്പിളമാരെയുംപോലെ തീരപ്രദേശത്തെ വേറിട്ട മുസ്‌ലിം വിഭാഗമാണ് നവായത്തുകൾ.

കർണാടകയിലെ ബട്കൽ, മങ്കി, ഹോനവാർ, കുംത, വാൽകി, ഹേറംഗ്ഡി, ഉപ്പോനി, ഗെർസോപ്പ, ബിന്ധൂർ, ഗാൻഗോള, ഷിരൂർ, ടോൺസെ, മാൽപ്പെ, ബസ്റൂർ എന്നിവിടങ്ങളിലും തമിഴ്നാട്ടിലെ ആർകോട്ട് ജില്ലയിലും ദക്ഷിണ മദ്രാസിലെ ഗിൻഗിക്കടുത്ത് മീനാമ്പൂർ ഗ്രാമത്തിലുമാണ് നവായത്തുകൾ താമസിക്കുന്നത്. മധ്യപ്രദേശിലെ ദേവാസ്, ധാർ, ഇന്ദോർ, ഉജ്ജൈൻ ജില്ലകളിലും നവായത്തുകളുടെ സാന്നിധ്യമുണ്ട്.

ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തരം നിരവധി നവായത്തുകൾ പാകിസ്താനിലേക്ക് കുടിയേറി. കറാച്ചി, സിന്ധ് എന്നിവിടങ്ങളിൽ ഇവരുടെ സാന്നിധ്യമുണ്ട്. മിക്ക ആളുകളും ചെറുകിട, വൻകിട വ്യാപാരികളാണ്. കോഴിക്കോട്ടടക്കം നവായത്തുകളുടെ വ്യാപാരസ്ഥാപനങ്ങളുണ്ട്.

മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയുടെ വടക്കൻ തീരത്തെത്തിയ അറബ് പേർഷ്യൻ വ്യാപാരികളാണ് നവായത്തുകളുടെ മുൻഗാമികൾ. ഇന്ത്യയിലെ പാഴ്സികളുമായി സാംസ്കാരിക സാമ്യതയുള്ള ഇക്കൂട്ടർ കടുത്ത സ്വത്വബോധം സൂക്ഷിക്കുന്നവരാണ്.

പേർഷ്യൻ ഭാഷയിൽ ‘നവായദ്’ അഥവാ പുതുതായി വന്നവർ എന്ന അർഥത്തിലാണ് ഈ പദം ഉപയോഗിക്കപ്പെട്ടതെന്നാണ് ജാഫർ ഷരീഫ്( ഖാനൂനെ ഇസ്‌ലാം), കേണൽ വിൽക്സ് (ഹിസ്റ്ററി ഓഫ് മൈസൂർ) എന്നിവരും ദി ഇമ്പരിക്കൽ ഗസറ്റർ ഓഫ് ദി ഇന്ത്യയും പറയുന്നത്. എ.ഡി എട്ടാം നൂറ്റാണ്ടിൽ ഖലീഫ അബ്ദുൽ മലിക് മർവാൻ കീഴിൽ ഹജ്ജാജ് ബിൻ യൂസുഫ് ഇറാഖിൽ ഗവർണറായിരിക്കെ ഉപദ്രവം ഭയന്ന് നാടുവിട്ട ഹാശിം വംശജരാണ് നവായത്തുകളെന്ന് കേണൽ വിക്സ് പറയുന്നു.

എന്നാൽ, ചില നവായത്തുകളുടെ മുൻഗാമികൾ ഇക്കൂട്ടരായിരിക്കാം, എല്ലാവരും ഇങ്ങനെ വന്നവരല്ലെന്ന് നവായത്ത് ഓഫ് കാനറയിൽ (1955) വിക്ടർ ഡിസൂസ എഴുതുന്നു. ഹജ്ജാജ് ബിൻ യൂസുഫ് മാത്രമാണ് പേർഷ്യൻ ഭാഷ സംസാരിക്കുന്നയിടങ്ങളിൽകൂടി ഭരണം വ്യാപിപ്പിച്ച ഗവർണറെന്നും ഇതിനെ തുടർന്ന് തീരദേശങ്ങളിലെ അറബ് കോളനികളിൽ അറബ്പേർഷ്യൻ സംയുക്ത കച്ചവടം നടക്കുകയും ഇരു സംസ്കാരങ്ങളുടെ സ്വാധീനമുണ്ടായെന്നും എസ്.കെ. ലാൽ ‘ദ ലഗസി ഓഫ് അറബ് ഡെൻസിറ്റി ഇൻ ഇന്ത്യ’യിൽ പറയുന്നു.

നവായത്തി ഭാഷയിലെ പേർഷ്യൻ സ്വാധീനം കണക്കിലെടുത്ത് ഇവർ ഇറാനിൽനിന്ന് വന്നവരാണെന്ന് കരുതപ്പെടുന്നു. ബട്കലിലെ ഇറാനിയൻ ഖബർസ്ഥാനും ബട്കൽ നിവാസികളുടെ മിക്ക സ്ഥാനപ്പേരും ഇറാനിയനാണെന്നതും ഈ വാദത്തിന് ശക്തിപകരുന്നു. ഇന്ത്യയിലെത്തിയ ഇറാനികൾ, മറ്റൊരു കച്ചവടസമൂഹമായ ജൈനരുമായി വിവാഹബന്ധത്തിലേർപ്പെട്ടെന്നും കരുതുന്നു.

1000 വർഷം മുമ്പെങ്കിലും ഇവർ ഇസ്‌ലാം സ്വീകരിച്ചുവെന്നാണ് ചരിത്രം. വൈകീട്ട് നേരത്തേ ഭക്ഷണം കഴിക്കുകയെന്ന ജൈനരുടെ ശീലം പലരും തുടരുന്നുവെന്ന് ഞങ്ങളുടെ ആതിഥേയൻ സാബിത് പറഞ്ഞത് ഇതിനോട് ചേർത്തുവായിക്കാം. അസ്സഖാഫ്, അത്താസ്, ഹൈദുറൂസി, ഫഖീഹി, ബിൻ ഫഖീഹ്, അൽജിഫ്രി, അഹദൽ തുടങ്ങിയ സയ്യിദ് കുടുംബവും ബട്കലിലുണ്ട്.

## ബട്കൽ വിശേഷം

കുന്നുകളും തീരപ്രദേശവും ചേർന്ന ഭൂപ്രകൃതിയാണ് ബട്കലിൽ. അൻജുമൻ സ്ഥാപനങ്ങൾ കുന്നിൻപ്രദേശത്താണ്. ഇവിടത്തെ സന്ദർശനശേഷം ഞങ്ങൾ ബട്കൽ തുറമുഖത്തേക്കാണ് പോയത്. ചരിത്രം വഴിമാറ്റിയ നിരവധി നങ്കൂരങ്ങൾക്ക് സാക്ഷ്യംവഹിച്ച തുറമുഖമിപ്പോൾ മത്സ്യബന്ധനം മാത്രം നടക്കുന്നിടമാണ്. തുറമുഖത്തുനിന്ന് മുംബൈയിലേക്ക് കപ്പൽ സർവിസുണ്ടായിരുന്നെന്ന് ആതിഥേയൻ സാബിത് പറഞ്ഞു. പിന്നീട് ഞങ്ങൾ പോയത് ബട്കൽ ബീച്ചിലേക്കാണ്. ആരും അത്ര പെട്ടെന്ന് എത്തിപ്പെടാത്ത ഇടമാണ് ഇവിടം. ആളുകൾ വളരെ ശുഷ്കം. കടലിലേക്കിറങ്ങിനിൽക്കുന്ന പാറക്കൂട്ടങ്ങൾ ബീച്ചിനൊരു പൗരാണിക ഛായ പകർന്നു.

പിറ്റേന്ന് ഞങ്ങൾ കണ്ടുമുട്ടിയ ജാമിഅ മസ്ജിദിലെ ഉപഖാദി അബ്ദുൽ അസീം നദ്‌വിയാണ് ബട്കലിലെ മത, രാഷ്ട്രീയ, സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതന്നത്.

ഹുന്നൂർ കേന്ദ്രമാക്കി അറബിയായ സുൽത്താൻ ജമാലുദ്ദീൻ ബിൻ ഹസൻെറ ഭരണകൂടമുണ്ടായിരുന്നു. ഇതിൻെറ തണലിൽ പ്രദേശത്ത് മുസ്‌ലിംകളടക്കമുള്ളവർ അധിവസിച്ചു. ജാമിഅ മസ്ജിദാണ് ബട്കലിലെ ആദ്യ പള്ളി. ഡോംഗ്രി പള്ളിക്കരികിൽ ഖബറടക്കപ്പെട്ട മഖ്ദൂം ഫഖീഹ് ഇസ്മാഈൽ ശുക്രിയാണ് ഹിജ്റ 1851ൽ ജാമിഅ മസ്ജിദ് സ്ഥാപിച്ചത്. കുടിയേറ്റത്തിൻെറ ആദ്യത്തിൽ ചില രാജാക്കന്മാരുമായും പിന്നീട് പോർചുഗീസുകാരുമായും ഏറ്റുമുട്ടലുകളുണ്ടായെങ്കിലും പിന്നീട് ശാന്തമായി. ജാമിഅ മസ്ജിദിന് കല്ലാഡി നായക സ്വർണമിനാരം നൽകുംവരെയുള്ള അടുപ്പം മുസ്‌ലിംകളും രാജാവും തമ്മിലുണ്ടായി.

കർമശാസ്ത്ര അധ്യാപനങ്ങൾക്ക് വേദിയായിരുന്നു ബട്കൽ. ജാമിഅ മസ്ജിദ് 1919ൽ അൽമദ്റസത്തുൽ ഇസ്‌ലാമിയ്യ സ്ഥാപിച്ചു. കേരളീയനായ പ്രമുഖ പണ്ഡിതൻ ശിഹാബുദ്ദീൻ അഹ്മദ് കോയ ശാലിയാത്തി രണ്ടു വർഷം ഇവിടെ അധ്യാപനം നടത്തിയിട്ടുണ്ട്. അലിയ്യുൽ മഹാഇമിയെന്ന കർമശാസ്ത്ര പണ്ഡിതനും ബട്കലുകാരനാണ്. ഇങ്ങനെ ശാഫി മദ്ഹബ് പ്രകാരമായിരുന്നു ഇവിടത്തെ മുസ്‌ലിം ജീവിതം. സൗദി അറേബ്യയിൽ ഇബ്നു സഊദ് അധികാരത്തിലേറവെ ഇവിടെയും ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായി. മറ്റു ചില കാരണങ്ങളാൽ ബട്കലിൽ രണ്ടു ജമാഅത്തുകളുണ്ടായി. ജാമിഅ മസ്ജിദ് ഖദീം, ഖലീഫ ജാമിഅ മസ്ജിദ് എന്നിങ്ങനെ. ജമാഅത്തുകളുമായി ഗാഢബന്ധമുള്ളതാണ് പ്രദേശത്തെ മുസ്‌ലിം ജീവിതമെന്നിരിക്കെ ഈ വേർപിരിയൽ പ്രശ്നകലുഷിതമായി. തുടർന്ന് എം.എം. സിദ്ദീഖ്, എസ്.എം. സയ്യിദ് അബൂബക്കർ മൗലാന, ഐ.എസ്. സിദ്ദീഖ്, ഹാദി ഹസൻ തുടങ്ങിയ നാട്ടിലെ പൗരപ്രമുഖർ ചേർന്ന് ലഖ്നോ നദ്‌വത്തുൽ ഉലമയിലെ സുലൈമാൻ നദ്‌വിയുമായി ബന്ധപ്പെട്ടു. അബ്ദുൽ ഹമീദ് നദ്‌വി ബട്കലിലേക്ക് നിയോഗിതനായി. ആദ്യം 10 വർഷം അൻജുമനിൽ അദ്ദേഹം അധ്യാപനം നടത്തി. 1962ൽ ജാമിഅ ഇസ്‌ലാമിയ്യ തുടങ്ങി. 1982ൽ നദ്‌വയുടെ ബ്രാഞ്ചായി മാറി.

1935ൽ ഇരു ജമാഅത്തുകളും സൗഹൃദത്തോടെ നീങ്ങിത്തുടങ്ങി. വീണ്ടും അഭിപ്രായഭിന്നതകൾ ഉണ്ടായെങ്കിലും ഇപ്പോൾ പൂർണയോജിപ്പോടെ നീങ്ങുന്നു. ജമാഅത്തുകളിൽ മഹ്കമെ ശരീഅ എന്ന പേരിൽ പരാതി പരിഹാരവേദി പ്രവർത്തിക്കുന്നു. വിവാഹമോചനമടക്കമുള്ള പരാതികൾ തീർപ്പാക്കുകയും ഇസ്‌ലാമിക വിധികൾ പറഞ്ഞുകൊടുക്കുകയും ചെയ്യാനുള്ളതാണ് ഈ സംവിധാനം. ജാമിഅ മസ്ജിദ് കേന്ദ്രീകരിച്ച് ഗവൺമെൻറ് അംഗീകാരത്തോടെ ഖാദിമാർ പ്രവർത്തിക്കുന്നുണ്ട്. ഖാദി ഹസൻ, അതീഖുല്ലാഹ് ബിൻ ഇസ്മാഈൽ, ഉമർ ബിൻ അതീഖുല്ലാഹ്, ഖാദി അബൂബക്കർ ഖത്തീബി, ഖാദി ശരീഫ് മുഹ്‌യിദ്ദീൻ അക്റമി, ഖാദി മുഹമ്മദ് അഹ്മദ് ഖത്തീബി എന്നിവർ ഖാദി പരമ്പരയിലെ കണ്ണികളാണ്. നിലവിൽ ഇഖ്ബാൽ മുല്ലയാണ് ജാമിഅ മസ്ജിദിലെ ഖാദി. അബ്ദുൽ അസീം നദ്‌വി, അബ്ദുൽ റബ്ബ് എന്നിവർ ഉപഖാദിമാരാണ്. ഖലീഫ ജാമിഅ മസ്ജിദിലെ ഖാദി ഖാജ മുഈനുദ്ദീൻ അക്റമിയാണ്. അയ്മൻ അലി, ജാഫർ ഫഖീഹ് എന്നിവർ ഉപഖാദിമാർ. നദ്‌വയുടെ ഉപസ്ഥാപനമായി ജാമിഅ ഇസ്‌ലാമിയ്യ വന്നതോടെ ബട്കലിലെ മുസ്‌ലിംകളിൽ ആ ചിന്താധാരയുടെ സ്വാധീനം പ്രകടമാണ്.





ബട്കലിലെ മതേതര ജീവിതത്തെക്കുറിച്ചാണ് അബ്ദുല്ല ദാമൂദിയെന്ന ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് പ്രവർത്തകൻ സംസാരിച്ചത്. 65 ശതമാനം മുസ്‌ലിംകളുള്ള ബട്കലിലെ സാമുദായിക സഹവർത്തിത്വം ഏറെ സമാധാനപൂർവമായിരുന്നു. ഇടക്കാലത്ത് തീവ്ര ഹിന്ദുത്വശക്തികൾ സാമുദായിക സ്പർധ വളർത്താൻ ശ്രമിച്ചതൊഴിച്ച് ഇപ്പോൾ ബട്കൽ ശാന്തമാണ്. സ്കൂൾ നടത്തുന്ന അബ്ദുല്ല ദാമൂദി ബട്കലിൻെറ പൗരാണിക പാരമ്പര്യം നിലനിർത്താൻ ശ്രമിക്കുന്നയാളാണ്. ടിപ്പു സുൽത്താൻ നിർമിച്ച ടിപ്പു മസ്ജിദടക്കം പൊളിച്ച് കോൺക്രീറ്റ് കെട്ടുകളാക്കിയെന്ന് അദ്ദേഹം വേദനയോടെ പങ്കുവെച്ചു. സ്വയം നവായത്ത് മ്യൂസിയം സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹം. മാപ്പിള മ്യൂസിയമെന്ന ആശയവും അദ്ദേഹം കൈമാറി.





സുൽത്താൻ സ്ട്രീറ്റ്

വിദ്യാഭ്യാസപരമായി ഏറെ ഉന്നതിയിൽ നിൽക്കുമ്പോഴും ബട്കലിലെ പരമ്പരാഗത പരാതി പരിഹാര സംവിധാനങ്ങൾതന്നെ നാട്ടുകാർ ഉപയോഗിക്കുന്നു. മഹ്കമെ ശരീഅ എന്ന സംവിധാനം ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്നു. കച്ചവടസമൂഹമായിട്ടും വിവാഹമടക്കമുള്ള ചടങ്ങുകൾ സാമ്പത്തികനേട്ടങ്ങൾക്ക് ഉപയോഗിക്കാറില്ലെന്ന് മാത്രമല്ല, തൻസീം എന്ന സന്നദ്ധ സംഘടനയുടെ ഫണ്ടിലേക്ക് വരൻ നിശ്ചിത തുക നൽകുന്നു. സ്ത്രീധനം വാങ്ങുന്ന പതിവില്ല.

## ചരിത്രം നടന്ന വഴിയിലൂടെ

മുഹമ്മദ്ബ്നു അബ്ദുല്ലാഹിബ്നു ബത്വൂത തൻെറ ‘തുഹ്ഫതുന്നുള്ളാർ ഫീ ഖറാഇബിൽ അംസാർ’ എന്ന യാത്രാവിവരണ ഗ്രന്ഥത്തിൽ ബട്കലിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: ഈ പട്ടണവാസികൾ നന്മയും മതബോധവുമുള്ളവരും ശാഫി മദ്ഹബുകാരുമാണ്. ഇവിടത്തെ സ്ത്രീകളെല്ലാം ഖുർആൻ മനഃപാഠമാക്കുന്നവരാണെന്നത് പ്രത്യേകതയാണ്. പെൺകുട്ടികൾക്കായി 13ഉം ആൺകുട്ടികൾക്കായി 23ഉം മദ്റസകളിവിടെ കണ്ടു. മറ്റെവിടെയും ഈ കാഴ്ച ഞാൻ കണ്ടിട്ടില്ല.”

സുൽത്താൻ സ്ട്രീറ്റിൽ ചെന്നുനിന്നാൽ ഒരുവേള ഇങ്ങനെ തോന്നും. പൗരാണിക തെരുവ് അതേപടി കിടക്കുകയാണ് മുന്നിൽ. അരികിൽ പലകപ്പാളിയുള്ള കടയിൽ ചെറുഗ്ലാസിൽ ചായയും ചില്ലലമാരയിൽ ചെറുകടികളും. ഒരു ചായ കുടിച്ച് നിന്നപ്പോൾ അറിഞ്ഞു; തൊട്ടുപിറകിലായുള്ള കോൺക്രീറ്റ് പള്ളി വർഷങ്ങൾക്കു മുമ്പ് ടിപ്പു സുൽത്താൻ പണിത പള്ളിയുടെ പ്രൗഢി ഊരിയെടുത്ത് പണിത സിമൻറ്കൂട്ടാണെന്ന്. തെരുവിന് ടിപ്പുവിൻെറ ബാക്കിപത്രമായ സുൽത്താനെന്ന പേരാണെന്നും. തെരുവിലൂടെ പതുക്കെ മുന്നോട്ടുനീങ്ങവേ കായൽപട്ടണമടക്കമുള്ള മറ്റു മുസ്‌ലിം കേന്ദ്രങ്ങളിൽ കണ്ട അതേതരം വീടുകൾ.

കേരളത്തിൽ കണ്ടുവരുന്ന തച്ചുശാസ്ത്രരീതികളും മറ്റുപലതും ചേർന്ന എടുപ്പുകളില്ലൊം മുന്തിയ മരങ്ങളിൽ അസംഖ്യം കൊത്തുപണികൾ. ഗ്ലാസുപയോഗിച്ചുള്ള അലങ്കാരങ്ങൾ. ഉള്ളിൽനിന്ന് തള്ളിനീക്കി പുറംകാഴ്ച കാണാവുന്ന നിരക്കുജനൽവാതിലുകൾ. പതുക്കെ മുന്നോട്ടുനീങ്ങവേ നിരവധി ഉപയോഗശൂന്യമായ വീടുകൾ കണ്ടു.

കാസിയ സ്ട്രീറ്റിലെ ബർണി ഹൗസ് ബട്കലിൻെറ തച്ചുശാസ്ത്ര പാരമ്പര്യത്തിൻെറ മികച്ച സാക്ഷ്യമായിരുന്നു. അതിമനോഹരമായ കൊത്തുപണികളും ചില്ലുജനവാതിലുകളുമൊക്കെയായി സുന്ദരക്കാഴ്ച. പിന്നീട് ബട്കലിലെത്തിയ ആദ്യ ഇസ്‌ലാം മതപ്രബോധകർ കാലുകുത്തിയതെന്ന് കരുതുന്ന നദിക്കരയിലും ഞങ്ങൾ ചെന്നു. സ്ഥലത്ത് ഇപ്പോഴൊരു കായികകേന്ദ്രമാണ് പ്രവർത്തിക്കുന്നത്. ശേഷം ബട്കലിലെ ഇരുജമാഅത്തുകളുടെ കേന്ദ്രമായ ജാമിഅ മസ്ജിദ് ഖദീമും ഖലീഫ ജാമിഅ മസ്ജിദും സന്ദർശിച്ചു. നേരത്തേ പറഞ്ഞതുപോലെ ഇരുജാമിഅകളിലും മഹ്കമ ശരീഅ ശരീഅത്ത് വിധിന്യായ സംവിധാനങ്ങളുണ്ട്. ഖലീഫ സ്ട്രീറ്റിലൂടെ തിരിച്ചുനടക്കവെ ഞങ്ങളുടെ ആതിഥേയൻ സയ്യിദ് സാബിത് പഴയ ഒരു വീട് ചൂണ്ടിക്കാട്ടി പറഞ്ഞു, ഇത് ഞങ്ങളുടെ പഴയ തറവാടാണ്. ഇപ്പോൾ അവിടെ താമസിക്കുന്നവരെക്കുറിച്ചു ചോദിച്ചപ്പോൾ ഒരു ദരിദ്ര കുടുംബത്തിന് താമസിക്കാൻ നൽകിയതാണെന്നായിരുന്നു നിസ്സാര മട്ടിലുള്ള മറുപടി. ഈ സഹൃദയത്വംതന്നെയാണ് കച്ചവടരംഗത്ത് വേരൂന്നാനും സാമ്പത്തിക സ്വയംപര്യാപ്തത നേടാനും ഇവരെ സഹായിച്ചത്. ●





പഴയ വീട്

# ഫാഷിസത്തെ സാംസ്കാരിക പ്രവർത്തനത്തിലൂടെ ചെറുക്കണം

സക്കീർ ഹുസൈൻ

രവിയും മൈമൂനയും അപ്പുണ്ണിയും അള്ളാപ്പിച്ച മൊല്ലാക്കയും മലയാളിമനസ്സിൽ മായാതെ നിൽക്കുന്ന കഥാപാത്രങ്ങൾ... വായനയുടെ ലോകത്ത് മലയാളി എത്ര മുന്നോട്ടുപോയാലും തിരികെ ഖസാക്കിലെത്തി നിൽക്കും, അതാണ് ഒ.വി. വിജയൻ എന്ന കഥാകാരൻ മലയാളിക്കു നൽകിയ സമ്മാനം. മലയാളിയിൽ ഇന്നും അവശേഷിപ്പിച്ചിട്ടുള്ള ഓർമകൾ. ആ ഓർമകളെ നാടകത്തിലൂടെ പുനരാവിഷ്കരിച്ചെടുത്ത അതുല്യ പ്രതിഭയാണ് ദീപൻ ശിവരാമൻ എന്ന കലാകാരൻ. തൻെറ നാടകത്തിലൂടെ രവിയെയും മൈമൂനയെയും നൈജാമലിയെയും അള്ളാപ്പിച്ച മൊല്ലാക്കയെയുമെല്ലാം ജീവസ്സുറ്റ കഥാപാത്രങ്ങളാക്കി മലയാളിക്കു മുന്നിലെത്തിച്ചു. ഖസാക്കിൻെറ മണവും രുചിയുമെല്ലാം നോവലിലെന്നപോലെ നാടകത്തിലും ആവിഷ്കരിക്കാൻ ദീപനെന്ന കലാകാരനു കഴിഞ്ഞു. മൺമറഞ്ഞ കഥാപാത്രങ്ങൾ നാടകത്തിലൂടെ ഖസാക്കിൻെറ ആ പഴയ കഥ പ്രേക്ഷകനു പറഞ്ഞുതരുന്നു. നൈജാമലിയെ കേന്ദ്രകഥാപാത്രമായി നാടകത്തിൽ അവതരിപ്പിക്കുന്നതിലൂടെ പുതിയൊരു തലം തുറന്നിടുകയാണദ്ദേഹം. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഖസാക്കിൻെറ ഇതിഹാസം രവിയുടെ കഥയല്ല മറിച്ച്, ഖസാക്കിലെ മറ്റ് ജീവിതങ്ങളുടേതാണ്. ഖസാക്കിനുശേഷം ഫാഷിസത്തിൻെറ നിഷ്ഠുരതയും വിവേകരാഹിത്യവും ഇതിവൃത്തമായ 'കാബിനറ്റ് ഓഫ് കാലിഗരി' എന്ന ജർമൻ ചലച്ചിത്രത്തിൻെറ നാടകാവിഷ്കാരത്തിലൂടെ ഫാഷിസത്തിനെതിരെ തൻെറ കലാസൃഷ്ടികൊണ്ടു പ്രതികരിച്ചിരിക്കുകയാണദ്ദേഹം. 2015ൽ തൃശൂരിൽ അരങ്ങേറിയ നാടകം വൻ പ്രശംസ പിടിച്ചുപറ്റിയിരുന്നു. 1920 ലാണ് 'കാബിനറ്റ് ഓഫ് കാലിഗരി' പുറത്തിറങ്ങുന്നത്. പ്രഫഷനൽ നാടക സംവിധായകൻ, നടൻ, അധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ദീപൻ ശിവരാമൻ തൻെറ നാടകങ്ങളെക്കുറിച്ചും ഇന്നത്തെ നാടകരംഗത്തെക്കുറിച്ചും അതിലെ പരീക്ഷണങ്ങളെക്കുറിച്ചും സംസാരിക്കുന്നു...



ദീപൻ ശിവരാമൻ

**വായനയുടെ ലോകത്ത് മലയാളി എത്ര മുന്നോട്ടുപോയാലും തിരികെ ഖസാക്കിലെത്തി നിൽക്കും, അതാണ് ഒ.വി. വിജയൻ എന്ന കഥാകാരൻ മലയാളിക്കു നൽകിയ സമ്മാനം. മലയാളിയിൽ ഇന്നും അവശേഷിപ്പിച്ചിട്ടുള്ള ഓർമകൾ. ആ ഓർമകളെ നാടകത്തിലൂടെ പുനരാവിഷ്കരിച്ചെടുത്ത ദീപൻ ശിവരാമൻ സംസാരിക്കുന്നു.**

**കാലിഗരി വീണ്ടും അരങ്ങിലെത്തിക്കാനുണ്ടായ പശ്ചാത്തലം വിശദീകരിക്കാമോ?**

» ഏറെ പരിശ്രമത്തിനു ശേഷമാണ് ഒരു നാടകം ഉണ്ടാകുന്നത്. നാടകത്തിൻെറ ഏറ്റവും വലിയ വെല്ലുവിളി അത് കളിക്കലും ആളുകളെ കാണിക്കലുമാണ്. തൃശൂരിൽ ആദ്യം കളിച്ചപ്പോൾ കേരളത്തിൻെറ പല ഭാഗത്തുനിന്നും പുറത്തുനിന്നും എത്തിയ പലർക്കും നാടകം കാണാൻ കഴിഞ്ഞില്ല. തിയറ്ററിനകത്ത് സ്ഥലം ഉണ്ടായില്ല. അതാണ് രണ്ടാം അവതരണത്തിൻെറ ഒരു കാരണം. നാടകത്തിൻെറ ഭാഷാപരവും രാഷ്ട്രീയപരവും സാമൂഹികപരവുമായ പ്രത്യേകതയാണ് മറ്റൊന്ന്. സാഹിത്യത്തിന് പ്രാധാന്യമുള്ള നാടകങ്ങളുടെ സ്വാധീനത്തിലാണ് ഇന്ത്യൻ നാടകരംഗം ഇപ്പോഴുമുള്ളത്. മിക്കവാറും നാടകങ്ങൾ സംഭാഷണ കേന്ദ്രീകൃതമാണ്. കട്ടൗട്ടുകളുടേയോ കർട്ടൻെറയോ മുന്നിൽ വന്ന് സംസാരിക്കുന്ന രീതിയാണ്. വളരെ സാഹിത്യപരമായ, എഴുത്തുകാരുടെ നാടകവേദിയാണ് നമ്മുടെ നാട്ടിലുള്ളത്. ഇതിനു പകരം സംവിധായകരുടെ നാടകവേദിയായി മാറുന്നത് ഇബ്രാഹിം അൽഖാസിയെപ്പോലുള്ളവർ വന്ന് നാടകം ചെയ്തതിനുശേഷമാണ്. ആ പിന്തുടർച്ച വളരെ കുറച്ചുപേർക്കു മാത്രമേയുള്ളൂ. കാവാലം നാരായണപ്പണിക്കരെപ്പോലുള്ള മുതിർന്ന നാടക പ്രവർത്തകരുടെ നാടകങ്ങളിലാണ് വേറൊരു ഭാഷ കണ്ടിട്ടുള്ളത്. അതും സാഹിത്യപരമല്ല. അതു സംഗീതവും കൊറിയോഗ്രഫിയും ചലനങ്ങളുമൊക്കെയുള്ള മറ്റൊരു ഭാഷയാണ്. ഇങ്ങനെ ചെയ്യുന്ന ചിലരുണ്ട്. അഭിലാഷ് പിള്ളയാണ് അതിലൊരാൾ. അനുരാധ കപൂർ, നീലം മാൻസിങ് ചൗധരി... എന്നിങ്ങനെ. ഇത്തരത്തിലുള്ള രംഗഭാഷയുടെ തുടർച്ചയാണ് ഈ നാടകത്തിൽ വരുന്നത്. ഇന്ത്യൻ നാടകത്തിന് ബദൽ ഭാഷയാണ് കാലിഗരി പോലുള്ള നാടകം മുന്നോട്ടുവെക്കുന്നത്. ഏറ്റവും സമകാലികമായ ദൃശ്യഭാഷക്ക് ശ്രമം നടത്തിയിട്ടുണ്ട്. വിഡിയോ ആർട്ട്, ഇൻസ്റ്റലേഷൻ, പെയിൻറിങ് തുടങ്ങി അതിൻെറ എല്ലാ സാധ്യതകളും ഇതിൽ ഉപയോഗിച്ചു നോക്കിയിട്ടുണ്ട്. ഇത്തരം സങ്കരത്വമാണ് (ഹൈബ്രിഡിറ്റി) ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ പരീക്ഷിച്ചുവരുന്നത്. അത്തരമൊരു പ്രൊഡക്ഷൻ രാജ്യത്തുണ്ടായപ്പോൾ അതു കാണിക്കേണ്ട ദൃശ്യപരമായ ആവശ്യമുണ്ട്. ഇത്തരം നാടകങ്ങളുണ്ടെന്നും ഇവ സാധ്യമാണെന്നുമുള്ള അനുഭവം പ്രേക്ഷകരിൽ പങ്കുവെക്കേണ്ടതുണ്ട്.



'കാബിനറ്റ് ഓഫ് കാലിഗരി'യിൽനിന്ന്

മറ്റൊരു പ്രധാന കാരണം ഈ നാടകത്തിൻെറ രാഷ്ട്രീയമാണ്. 1920ൽ 'ദ കാബിനറ്റ് ഓഫ് ഡോ. കാലിഗരി' എന്ന സിനിമ ഇറങ്ങിയപ്പോൾ തന്നെ അത് ഫാഷിസ്റ്റ് വിരുദ്ധ സിനിമയാണെന്ന് വിലയിരുത്തപ്പെടുകയും വായിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ, പ്രോപഗാൻഡ നാടകങ്ങളെപ്പോലെ ഇതിൽ തുറന്നടിച്ച് ഫാഷിസത്തിനെതിരെ മുദ്രാവാക്യം വിളിക്കുകയോ മറ്റോ ചെയ്യുന്നില്ല. ഇത് വളരെ ശ്രദ്ധാപൂർവം വായിച്ചെടുത്താലേ മനസ്സിലാവൂ. ഫിലോസഫിക്കലാണ്. സ്വപ്നാടകനായ സിസാരിയെ ഫാഷിസവുമായാണ് താരതമ്യം ചെയ്തിരിക്കുന്നത്. ഫാഷിസ്റ്റ് ചിന്തകളെ തുറന്നുവിട്ട് ആളുകളെ തീവ്രവാദവത്കരിക്കുന്ന ആളായാണ് കാലിഗരിയെ കണ്ടത്. ഇക്കാര്യം ഈ നാടകത്തിൽ ചിത്രീകരിച്ചിട്ടുണ്ട്.

2015 ൽ ഈ നാടകം അരങ്ങേറിയതിനെക്കാൾ രാജ്യത്തെ രാഷ്ട്രീയ സ്ഥിതി വളരെയേറെ മാറി. വലതുപക്ഷ സർക്കാർ അധികാരത്തിലെത്തിയാൽ എന്തു സംഭവിക്കുമെന്ന് വളരെ പെട്ടെന്നുതന്നെ നമുക്ക് മനസ്സിലായി. നമ്മുടെ കലാസ്ഥാപനങ്ങളായ എഫ്.ടി.ഐ, കേന്ദ്ര സംഗീത നാടക അക്കാദമി, വിദ്യാഭ്യാസ സ്ഥാപനമായ ജെ.എൻ.യു എന്നിങ്ങനെയുള്ള എല്ലാ സ്ഥാപനങ്ങളെയും തകർത്തുകളയുന്ന വിധത്തിൽ, നിലനിൽക്കുന്ന അതിൻെറ ഘടനയെത്തന്നെ തകർക്കുന്ന വിധത്തിൽ നടപടികളുണ്ടാവുക. ഫാഷിസ്റ്റുകൾ ആദ്യം ചെയ്യുക ബൗദ്ധിക ഇടങ്ങളെ കടന്നാക്രമിക്കുക എന്നതാണ്. അക്കാദമികളും കലാ സ്ഥാപനങ്ങളുമാണ് ഈ ബൗദ്ധിക ഇടങ്ങൾ. അവിടെയാണല്ലോ ചിന്തകൾ രൂപപ്പെടുന്നത്. ചിന്തകൾ രൂപപ്പെടുന്നത് ഇല്ലാതാക്കുക എന്നതാണ് ഫാഷിസ്റ്റുകൾ ആദ്യം ചെയ്യുക. ഇത് നമ്മുടെ നാട്ടിൽ നടപ്പാവുന്നത് വളരെ തന്ത്രപൂർവമായിട്ടാണ്. ആളുകളെ ഭീഷണിപ്പെടുത്തുക, നിശ്ശബ്ദരാക്കുക. അനന്തമൂർത്തി ഉദാഹരണം. കൽബുർഗിയെയും ഗൗരി ലങ്കേഷിനെയും പോലുള്ള ചിന്തകരെയും എഴുത്തുകാരെയും കൊന്നു. അടിയന്തരാവസ്ഥക്കാലത്തു പോലും ഇങ്ങനെ സംഭവിച്ചിട്ടില്ല. ഫാഷിസത്തിനെതിരെ പ്രവർത്തിക്കുന്നവരെയെല്ലാം രാജ്യദ്രോഹികളായി ചിത്രീകരിക്കുകയാണ് ഫാഷിസം ചെയ്യുന്നത്. അതിനു അവർ മാധ്യമങ്ങളെയും മറ്റ് ആശയവിനിമയ സംവിധാനങ്ങളെയും അവരുടെ തത്ത്വചിന്തകരെയും ചരിത്രകാരന്മാരെയും ഉപയോഗിക്കുന്നു. കലാകാരൻ ശരിക്കും ഉണരേണ്ട സമയമാണിത്. എൻെറ കാഴ്ചപ്പാടിൽ ഇന്ത്യൻ ചരിത്രത്തിലെ ഏറ്റവും അപകടകരമായ ഘട്ടമാണിത്. ഇതിനെതിരെ പ്രതികരിക്കേണ്ടത് എല്ലാ കലാകാരന്മാരുടെയും എഴുത്തുകാരുടെയും സിനിമ പ്രവർത്തകരുടെയും ഉത്തരവാദിത്തമാണ്. എല്ലാവരും ഒറ്റക്കെട്ടായി ഫാഷിസത്തിനെതിരെ രംഗത്തുവരണം. സാംസ്കാരിക പ്രവർത്തകർ രാഷ്ട്രീയക്കാരല്ല. അതുകൊണ്ട് തന്നെ അവർ തങ്ങളുടെ സാംസ്കാരിക പ്രവർത്തനത്തിലൂടെയാണ് പ്രതികരിക്കേണ്ടത്.

ഈ നാടകം അത്ര പ്രചാരണപരമല്ല. ഇത്തവണ വീണ്ടും അരങ്ങിലെത്തിച്ചത് അൽപംകൂടി മൂർച്ച കൂട്ടിയും വ്യക്തത വരുത്തിയുമാണ്. നാടകത്തിൻെറ അവസാന രംഗത്ത് ഫ്രാൻസിസ് കാലിഗരിയുമായി നേർക്കുനേർ ഏറ്റുമുട്ടുന്നുണ്ട്. 'നിങ്ങൾ യഥാർഥത്തിൽ ആരാണെന്ന് വ്യക്തമാക്കപ്പെടുമ്പോൾ നിങ്ങൾക്ക് എല്ലാവരെയും ഭ്രാന്താശുപത്രിയിൽ അടക്കാൻ കഴിയില്ല. നിങ്ങൾക്ക് എൻെറ ചിന്തയെ കൊല്ലാൻ കഴിയില്ല' എന്ന് ഫ്രാൻസിസ് പറയുന്നുണ്ട്. ഇത് ഫാഷിസത്തിനെതിരായ വ്യക്തമായ നിലപാടാണ്. നിങ്ങൾക്ക് എന്നെ കൊല്ലാനാവും. എന്നാൽ, എൻെറ ചിന്തയെ കൊല്ലാൻ കഴിയില്ല എന്നാണ് ഫ്രാൻസിസ് പറയുന്നതിൻെറ അർഥം.

**തൃശൂർ കേന്ദ്രമായി രൂപവത്കരിച്ച 'ഓക്സിജൻ തിയറ്റർ കമ്പനി'..?**

» 'ഓക്സിജൻ തിയറ്റർ കമ്പനി' ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 2008ലാണ് അത് രൂപവത്കരിക്കുന്നത്. അതിൻെറ പ്രൊഡക്ഷനായിരുന്നു 'സ്പൈനൽ കോഡ്'. ലണ്ടനിൽ ഞാൻ ഡോക്ടറേറ്റ് ചെയ്യുന്ന സമയത്ത് അതിൻെറ ഭാഗമായിട്ടാണ് പുതിയ രംഗഭാഷയിൽ പരീക്ഷണം തുടങ്ങിയത്. എൻെറ പിഎച്ച്.ഡി ദൃശ്യഭാഷയിലാണ്. സാഹിത്യത്തിന് (ടെക്സ്റ്റ്) പകരമായി എങ്ങനെ പരീക്ഷണ ദൃശ്യഭാഷ വെക്കാമെന്നതാണ് എൻെറ പിഎച്ച്.ഡി വിഷയം. അത് ഞാൻ ചെയ്തത് ലണ്ടനിലെ വിംബ്ൾഡൺ കോളജ് ഓഫ് ആർട്ടിലാണ്. സ്പൈനൽ കോഡ് (2009), പീർകിൻറ് (2010), ഉബ്റോയ് (2012) എന്നിവയാണ് എൻെറ പിഎച്ച്.ഡി തിസീസ്. 'ഖസാക്കിൻെറ ഇതിഹാസ'ത്തിലും ഈ പരീക്ഷണം നടത്തിയിട്ടുണ്ട്.

**നാടക സംവിധായകൻ, നടൻ, അധ്യാപകൻ. ഏതാണ് കൂടുതൽ സംതൃപ്തി നൽകുന്നത്? ഏതിലാണ് കൂടുതൽ താൽപര്യം.**

» സ്കൂൾ ഓഫ് ഡ്രാമയിലടക്കം ഇവിടത്തെ പഠനങ്ങൾക്കുശേഷം ലണ്ടൻ സെൻട്രൽ സെയിൻറ് മാർട്ടിൻ കോളജിലാണ് ഞാൻ ദൃശ്യഭാഷയിൽ എം.എ ചെയ്തത്. ശേഷം അവിടെ മൂന്നു കൊല്ലം അധ്യാപകനായി ജോലി ചെയ്തുകൊണ്ടിരിക്കെയായിരുന്നു പിഎച്ച്.ഡി ചെയ്തത്. താൽപര്യം പലതിലും ലയിച്ചുകിടക്കുകയാണ്. ഗവേഷണത്തിൻെറ ഭാഗമായി രംഗഭാഷ വികസിപ്പിച്ച ആളുകൾ ഇന്ത്യയിൽ വളരെ കുറവാണ്. ഞാൻ പഠിപ്പിക്കുന്ന കോഴ്സിൻെറ ഭാഗവുമാണ് ഈ നാടകങ്ങൾ. ഞാനിപ്പോൾ പഠിപ്പിക്കുന്ന സർവകലാശാലയിലെ വിദ്യാർഥികളാണ് 'ദ കാബിനറ്റ് ഓഫ് ഡോ. കാലിഗരി' നാടകത്തിലുള്ള പകുതി പേരും. ഫ്രാൻസിസിനെ അവതരിപ്പിച്ച പുറവ് ഗോസ്വാമി, ഡോ. സ്റ്റേണിനെ അവതരിപ്പിച്ച വിജയ് സിങ് തുടങ്ങിയവർ എൻെറ വിദ്യാർഥികളാണ്.

ഞാൻ പഠിപ്പിക്കുന്ന കോഴ്സിൻെറ ഭാഗമായാണ് അവർ എന്നോടൊപ്പം പ്രവർത്തിക്കുന്നത്. ഞാൻ അങ്ങനെ അഭിനയിക്കുന്ന ഒരാളല്ല. സംവിധാനം ചെയ്യുന്നതിനിടയിൽ അഭിനയിക്കുക എന്നത് വളരെ പ്രയാസമാണ്. വലിയ ജോലിയാണ്. സംവിധാനം ചെയ്യുന്ന നാടകങ്ങൾ പൊതുവെ ഞാൻ തന്നെയാണ് എഴുതുന്നത്. ഈ നാടകം മാത്രമാണ് പുറവ് ഗോസ്വാമി എഴുതിയിട്ടുള്ളത്. ദൃശ്യഭാഷ ചിട്ടപ്പെടുത്തുന്നത് ഞാനാണ്. വേഷവിധാനം അടക്കം. മറ്റു നാടകങ്ങളെ അപേക്ഷിച്ച് ഇത് ചെറിയ വർക്കാണ്. ഒന്നേകാൽ മണിക്കൂറാണ് ദൈർഘ്യം. ചെറിയ കഥാപാത്രത്തെയാണ് ഇതിൽ ഞാൻ അവതരിപ്പിച്ചതും. 2016ൽ ബെസ്റ്റ് സിനോഗ്രഫിക്കുള്ള ദേശീയ അവാർഡ് ഈ നാടകത്തിനാണ്.

**സംവിധായകർ അവരുടെ വർക്കുകളിൽ ഐഡൻറിറ്റി സൂക്ഷിക്കേണ്ടതുണ്ടോ? ദീപൻെറ 'സ്പൈനൽ കോഡി'ലും 'ഖസാക്കിൻെറ ഇതിഹാസ'ത്തിലും രംഗപശ്ചാത്തലത്തിന് സമാനതകൾ ഉണ്ടെന്ന വിലയിരുത്തലുണ്ട്.**

» ഐഡൻറിറ്റി സൂക്ഷിക്കേണ്ടതുണ്ടോ എന്നത് ഓരോരുത്തരെയും ആശ്രയിച്ചാണിരിക്കുന്നത്. എല്ലാവർക്കും അങ്ങനെ ചെയ്യാനാവില്ല. അത് എളുപ്പമല്ല. അഭിലാഷ് പിള്ളയുടെ വർക്കിൽ ശക്തമായ ഐഡൻറിറ്റിയുണ്ട്. നീലം മാൻസിങ് ചൗധരിയുടെ വർക്കിലും ഇത് കാണാം. അത് വളരെ ബോധപൂർവമാണ്. ചിലപ്പോൾ അത് നമ്മൾ ഭേദിക്കും. ഡോ. കാലിഗരി അതിന് ഉദാഹരണമാണ്.

വൈക്കം മുഹമ്മദ് ബഷീറിൻെറ രചനകളിൽനിന്ന് വരികൾ എടുത്തുനോക്കിയാൽ അത് ബഷീറിൻേറതാണെന്ന് പെട്ടെന്ന് മനസ്സിലാവും. പിക്കാസോ ചിത്രങ്ങളിലും ഇത് ദൃശ്യമാണ്. നമ്മൾ ഒരു ഭാഷ വികസിപ്പിക്കുകയാണ്. കലയിൽ ഒരു ഭാഷ വികസിപ്പിച്ചെടുക്കുന്നവരുടെ പൊതുവായ സ്വഭാവമാണത്. അങ്ങനെയാണ് ഒരു കലാകാരനെ തിരിച്ചറിയാൻ കഴിയുക. എൻെറ നാടകത്തിൻെറ ഇടക്ക് എത്തി കാണുന്നവന് മനസ്സിലാക്കാനാവും ഇത് ദീപൻെറ വർക്കാണെന്ന്.

**മലയാള നാടകങ്ങൾ എവിടെ എത്തിനിൽക്കുന്നു. എന്ത് മാറ്റമാണ് വരുത്തേണ്ടത്.**

» മലയാളികൾക്ക് നല്ല വായനശീലവും കാഴ്ചശീലവുമുണ്ട്. ഉഗ്രൻ സിനിമ കണ്ട് ശീലമുള്ളവരാണ് മലയാളികൾ. സിനിമയിലും സാഹിത്യത്തിലുമുള്ള വകതിരിവ് മലയാളികൾക്ക് നാടകത്തിലും ചിത്രകലയിലും ഇല്ല. സാഹിത്യത്തിലാണ് മലയാളികളുടെ നിക്ഷേപം എന്നതാണ് കാരണം. മലയാള സിനിമയെ സമ്പന്നമാക്കുന്നത് സാഹിത്യമാണ്. ചെമ്മീൻ, നീലക്കുയിൽ, ഭാർഗവീനിലയം തുടങ്ങി നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. ബഷീറിൻെറയും കാരൂരിൻെറയും തുടങ്ങി ഒരുപാട് നല്ല കഥകൾ സിനിമയായി.

നാടകങ്ങളെക്കുറിച്ച് ഉദാഹരിക്കുമ്പോൾ നമ്മൾ കെ.പി.എ.സിയുടെ നാടകങ്ങളെയാണ് പറയുക. ഡ്രമാറ്റിക് ടെക്സ്റ്റും പാട്ടുമാണതിൽ. പെയിൻറ് ചെയ്ത കർട്ടനു മുന്നിൽ നിന്നുകൊണ്ട് മെലോഡ്രമാറ്റിക്കായ അഭിനയം. സംഗീത നാടകങ്ങളുടെ ഘടനയാണ് നമ്മുടെ മനസ്സിൽ. 'അശ്വമേധം', 'നിങ്ങൾ എന്നെ കമ്യൂണിസ്റ്റാക്കി' തുടങ്ങിയ നാടകങ്ങളുടെ അടിസ്ഥാനം സാഹിത്യമാണ്. നാടകത്തിൻെറ ദൃശ്യഭാഷാപരമായ പരീക്ഷണങ്ങൾ കേരളത്തിൽ കാര്യമായി നടന്നിട്ടില്ല. വളരെ കുറച്ചേ നടന്നിട്ടുള്ളൂ. ചിത്രകലയിൽ ഒരുപാട് നടന്നിട്ടുണ്ടെങ്കിലും നമ്മുടെ ആളുകൾക്ക് അറിയില്ല കേരളത്തിലെ പ്രധാന ചിത്രകാരന്മാർ ആരാണെന്ന്.

ഒരു നാടകം കാണാൻ എത്തുമ്പോൾ അതിൻെറ കഥയെന്താണെന്നും നായകൻ, നായിക എന്നിവർ ആരാണെന്നും അന്വേഷിക്കും. അങ്ങനെയാണ് അവർ അതിനെ വായിച്ചെടുക്കുന്നത്. പ്രേക്ഷകർ ഇങ്ങനെയാണെങ്കിൽ നാടകം ചെയ്യുന്നവരെയും വിലയിരുത്തണം. സാഹിത്യപരമായ വർക്കേ പ്രേക്ഷകനെ ആനന്ദിപ്പിക്കൂ എന്ന ചിന്തയാണ്. ഇതിനെ തകിടംമറിച്ച് പുതിയ നാടകഭാഷ മുന്നോട്ടുവെക്കാനാണ് എന്നെപ്പോലുള്ളവർ ശ്രമിക്കുന്നത്. ഖസാക്കിനെ ഞാൻ ചെയ്യാൻ തീരുമാനിച്ചപ്പോൾ ഏറ്റവും ഉന്നതിയിൽ നിൽക്കുന്ന ടെക്സ്റ്റ് എടുക്കുകയായിരുന്നു. സാഹിത്യത്തിൻെറ ഏറ്റവും പാരമ്യത്തിൽ, ഏറ്റവും ആഘോഷിക്കപ്പെട്ട നോവലാണത്. അത് നാടകത്തിലേക്ക് രൂപമാറ്റം വരുത്തുകയായിരുന്നു. നോവൽ എന്നതിനെക്കാൾ അതിനെ നാടക രൂപത്തിലാക്കി. സാഹിത്യം വിജയനൊപ്പം നിൽക്കുകയും മറ്റൊരു ഖസാക്ക് രൂപപ്പെടുകയും ചെയ്തു. നാടകത്തിന് ഇങ്ങനെയൊരു സാധ്യതയുണ്ടെന്ന് കാണിച്ചു കൊടുക്കുകയായിരുന്നു. ഈ ഒരു മാറ്റം നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ കേരളത്തിൽ. എം.ജി. ജ്യോതിഷ്, ശങ്കർ വെങ്കിടേശ്വരൻ തുടങ്ങി പല നാടക പ്രവർത്തകരെയും ഈ നിരയിൽ കാണാൻ കഴിയും. അവരുടെ നാടകത്തിലും ഇത്തരം ശ്രമമുണ്ട്. ശങ്കർ വെങ്കിടേശ്വരൻെറ 'വാട്ടർ സ്റ്റേഷൻ' ഉദാഹരണം. അതിൽ സാഹിത്യമേ ഇല്ല. എം.ജി. ജ്യോതിഷിൻെറ 'സാഗര കന്യക', 'മാക്ബത്ത്' എന്നിവയിലും ഈ ശ്രമമുണ്ട്. വാക്കിൻെറ ഭയങ്കരമായ അപ്രമാദിത്വം തകർക്കാനുള്ള ശ്രമം. തിയറ്റർ സത്യത്തിൽ ഫിസിക്കലായുള്ള രൂപമാണ്. സാഹിത്യ രീതിയല്ല. പക്ഷേ, ഇന്ത്യയിൽ പലപ്പോഴും അങ്ങനെയാണ് പറയാറുള്ളത്. എഴുതിവെച്ച കൃതിയിലാണ് നാടകം നിൽക്കുന്നത്. പുസ്തക വായനയിൽ കിട്ടുന്ന അനുഭവമല്ല നാടകത്തിൽനിന്ന് കിട്ടേണ്ടത്. തെയ്യം കാണുന്നതുപോലെയോ പള്ളിയിൽ നമസ്കരിക്കുന്നതുപോലെയോ ഉള്ള അനുഭവമാണത്. ആത്മീയമായ, ഫിസിക്കലായ അനുഭവം. അന്തരീക്ഷം, കാഴ്ച, മണം, ഇരുട്ട്, വെളിച്ചം, മറ്റുള്ളവരുടെ പങ്കാളിത്തം ഇതെല്ലാം അടങ്ങുന്നതാണ് തിയറ്റർ. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധമാണ് യഥാർഥത്തിൽ തിയറ്റർ. പ്രേക്ഷകരെ ആ നിലവാരത്തിലേക്ക് എത്തിക്കാനും സാക്ഷരരാക്കാനുമുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തുടർച്ചയായി ഈ പ്രക്രിയക്ക് വിധേയമാക്കുമ്പോഴാണ് പ്രേക്ഷകൻ നവീകരിക്കപ്പെടുക. ഒരുപക്ഷേ, ഇതിൻെറ ഗുണം പതിനഞ്ചോ ഇരുപതോ കൊല്ലം കഴിഞ്ഞാവും ഉണ്ടാവുക.



'ഖസാക്കിൻെറ ഇതിഹാസം' നാടകത്തിൽനിന്ന്

**കാലിഗരി ഇനിയും പ്രദർശിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ.**

» തീർച്ചയായും കാലിഗരി പലയിടത്തും കാണിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എറണാകുളത്തും പാലക്കാടും കളിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. പക്ഷേ, ഇത് കളിക്കാൻ പറ്റിയ ഇടം വേണം. അതിൽ ഒത്തുതീർപ്പ് ചെയ്താൽ ഈ നാടകമില്ല. ഇടവും ഈ രൂപവുമാണ് ഈ നാടകം. ഇടം പകുതിയാക്കിയാൽ നാടകം നടക്കില്ല.

**ഖസാക്ക് കേരളത്തിൽ എത്ര ഇടങ്ങളിൽ കളിച്ചു.**

» ഏതാണ്ട് 18 ഇടങ്ങളിലായി 45ഓളം ഷോ നടത്തി.

**ഇത്രമാത്രം പണവും സമയവും ചെലവഴിച്ച് ഒരു നാടകം വേണ്ടതുണ്ടോയെന്ന് ഖസാക്കിനെക്കുറിച്ച് ചിലരെങ്കിലും ചോദിക്കുന്നുണ്ട്.**

» ഒരു നാടകത്തിന് എത്രവരെ പണവും സമയവും ചെലവഴിക്കാമെന്ന് ആർക്കെങ്കിലും പറയാനാവുമോ? ഒരു നാടകത്തിന് പരമാവധി ഇത്രയേ ചെലവഴിക്കാവൂ എന്ന് എങ്ങനെ പറയാനാവും? അതിൽ ഒരു യുക്തിയുമില്ല. അങ്ങനെ പറയുന്നവരുടെ പരിധി അതാണ്. ചെറിയ കിണറ്റിൽ ഇറങ്ങിനിൽക്കുകയാണവർ. ഇതിനപ്പുറത്ത് ഒരു ലോകമില്ലെന്നും അതിനപ്പുറം പാടില്ലെന്നുമുള്ള വാശിയാണത്. ഇത്തരക്കാർ ഒരു സിനിമ കാണുമ്പോൾ ആ സിനിമക്ക് ഇത്ര പണം ചെലവഴിക്കരുത് എന്നു പറയാറില്ല. ഔന്നത്യമുള്ള കലാരൂപമായ സിനിമക്ക് പണം വേണമെന്ന് അവർ ചിന്തിക്കുന്നു. സിനിമക്ക് അതാകാമെന്നും നാടകത്തിന് അത് പാടില്ലെന്നും ചിന്തിക്കുന്നു. നടന്മാരായ ഗോപാലനും പ്രതാപനുമൊക്കെ എന്തിനാണ് ഇത്രയും പണവും വസ്ത്രവും എന്ന ചിന്തയാണ്.

ഖസാക്കിൻെറ ഇതിഹാസത്തിൽ 45 പേരാണ് വർക്ക് ചെയ്യുന്നത്. അതും ഇത്തരക്കാർക്ക് പറയാം-അതായത് ആകെ 15 പേരെ പാടുള്ളൂവെന്നൊക്കെ. ഇത്തരക്കാരെ കുട്ടിക്കിണറിൽനിന്ന് പുറത്തെടുക്കണം. തിയറ്റർ എന്നു പറഞ്ഞാൽ അവർ കാണുന്ന ചുറ്റുവട്ടത്തിൽ മാത്രമുള്ളതല്ലെന്നും അതിന് ഒരുപാട് സാധ്യതകളുണ്ടെന്നും ഒരു ചരിത്രമുണ്ടെന്നും ലോകത്ത് ഒരുപാട് തിയറ്റർ നടക്കുന്നുണ്ടെന്നുമുള്ള കാര്യങ്ങൾ നന്നായി കണ്ണുതുറന്ന് നോക്കണം. തിയറ്ററിന് ഇന്നതേ പാടുള്ളൂ എന്നില്ല. ഒത്തുതീർപ്പിന് സാധ്യതയില്ല.

നാടകം സൗജന്യമായി കാണിക്കാൻ പറ്റില്ല. എൻെറ ജോലി നാടക പ്രവർത്തനമാണ്. എൻജിനീയറും ഡോക്ടറുമൊക്കെ സൗജന്യമായല്ല സമൂഹത്തിൽ പ്രവർത്തിക്കുന്നത്.

ആരും ചികിത്സ സൗജന്യമായി നൽകുന്നില്ല. റസ്റ്റാറൻറിൽ സൗജന്യമായല്ല ഭക്ഷണം നൽകുന്നത്. വസ്ത്രത്തിനായാലും വലിയ വിലകൊടുക്കണം. ഇതൊക്കെ സൗജന്യമാക്കാമെങ്കിൽ ഞാനും നാടകം സൗജന്യമായി കാണിക്കാം. അതാണ് എൻെറ നയം. ●



വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: 9645006105, e-mail: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്,പി.ഒ. കോഴിക്കോട് -12

## കത്തുകൾ

### പ്രശസ്തി ലഭിക്കാതെപോയ ഹസൻ ഭായി

ഡിസംബർ മൂന്നിലെ വാരാദ്യമാധ്യമത്തിൽ ശഹ്നായ് കലാകാരൻ ഹസൻ ഭായിയെക്കുറിച്ചുള്ള ലേഖനം നന്നായി. കഴിവുണ്ടായിട്ടും വേണ്ടത്ര അംഗീകാരമോ പ്രശസ്തിയോ ലഭിക്കാതെപോയ ഹസൻ ഭായിയെ അൽപം വൈകിയാണെങ്കിലും 'മാധ്യമം' കണ്ടെത്തി വായനക്കാർക്ക് മുന്നിലെത്തിച്ചത് അഭിനന്ദനമർഹിക്കുന്നു. ഈ ലക്കത്തിലെ എം. സുരേഷ് കുമാർ എഴുതിയ 'ആത്മഹത്യ'എന്ന കവിതയും മികച്ചതായി. തികച്ചും ആനുകാലിക പ്രസക്തിയുള്ള കവിത.
ഇല്യാസ് പുതുവീട്ടിൽ, തളിപ്പറമ്പ്

### അബി അനുസ്മരണം

നടൻ ജഗദീഷ് വാരാദ്യമാധ്യമത്തിൽ (ലക്കം 1540) എഴുതിയ അബിയുടെ ഓർമക്കുറിപ്പ് ശ്രദ്ധേയമായി. വേണ്ടുവോളം കഴിവുണ്ടായിട്ടും ഒരവകാശവാദവും കാണിക്കാതിരുന്ന വ്യക്തിയായിരുന്നു അബി. വെള്ളിത്തിരയിൽ ശോഭിക്കാൻ അവസരം കിട്ടാതെ പോയ നിർഭാഗ്യവാനായിരുന്നു അദ്ദേഹം.
വടക്കേതിൽ വിനോദ്കുമാർ, നറുകര.

### ഓർമക്കുറിപ്പിൽ പിശക്

സിനിമാ നടൻ അബിയെക്കുറിച്ച് സഹപ്രവർത്തകനായ ജഗദീഷ് എഴുതിയ ഓർമക്കുറിപ്പിൽ ചില തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. ഓർമക്കുറിപ്പിൽ പരാമർശിച്ച 'കിരീടമില്ലാത്ത രാജാക്കന്മാർ', കാസർകോട് കാദർഭായ്' എന്നീ ചിത്രങ്ങളുടെ സംവിധായകന്മാരുടെ പേരുകളും സിനിമ പുറത്തിറങ്ങിയ വർഷവും പരസ്പരം മാറിപ്പോയിട്ടുണ്ട്. ജഗദീഷ് അബിയോടൊപ്പം ആദ്യമായി ഒന്നിച്ചഭിനയിച്ചത് 'നയം വ്യക്തമാക്കുന്നു' എന്ന സിനിമയിലാണ്. അക്കാര്യം എവിടെയും പറയുന്നുമില്ല.
കെ.പി. മുഹമ്മദ് കാപ്പ്, തേലക്കാട്

### മൂന്ന് കഥകൾ

കഴിഞ്ഞ ലക്കം വാരാദ്യമാധ്യമത്തിൽ പി.കെ. പാറക്കടവ് എഴുതിയ മൂന്ന് കഥകളും വലിപ്പംകൊണ്ട് ചെറിയതാണെങ്കിലും ആശയംകൊണ്ട് വിശാലമായതാണ്. സമകാലിക രാഷ്ട്രീയത്തെ മനോഹരമായി വരച്ചുവെച്ചിരിക്കുന്നു മൂന്ന് കഥകളിലും.
സ്വപ്ന മേരി, ചന്തക്കുന്ന്, നിലമ്പൂർ

i

### എം.ടി തിരക്കഥാ മത്സരം

'നാലുകെട്ട് - എം.ടി. വാസുദേവൻ നായർ' സാംസ്കാരിക കേന്ദ്രം ചലച്ചിത്ര, തിരക്കഥ രചനാ മത്സരം നടത്തുന്നു.
എം.ടി. വാസുദേവൻ നായരുടെ ചെറുകഥകളെ ആസ്പദമാക്കി ഉള്ളതാവണം തിരക്കഥകൾ. ദൈർഘ്യം രചയിതാവിന് തീരുമാനിക്കാവുന്നതാണ്. ഡിസംബർ15നകം നന്ദകുമാർ കെ.എം, മലയാളം, ധോണി പോസ്റ്റ്, പാലക്കാട്, 678009 എന്ന വിലാസത്തിൽ മൂന്ന് കോപ്പികൾ എത്തിക്കേണ്ടതാണ്. ഒന്നാം സമ്മാനം 15,000 രൂപയും ശിൽപവും ഫലകവും അടങ്ങുന്നതായിരിക്കും. 10,000 രൂപയും ശിൽപവും ഫലകവുമാണ് രണ്ടാം സമ്മാനം. വിശദവിവരങ്ങൾക്ക് 8547054103, 9447938455 എന്നീ നമ്പറുകളിൽ വൈകുന്നേരം മൂന്നിനും എട്ടിനും ഇടയിൽ ബന്ധപ്പെടണം.

### ആരാമം കഥാ മത്സരം

ആരാമം മാസിക സ്ത്രീകൾക്കായി കഥാമത്സരം സംഘടിപ്പിക്കുന്നു. എ ഫോർ സൈസ് പേജിൽ ഡി.ടി.പി ചെയ്ത രചനകളാണ് അയക്കേണ്ടത്.
മികച്ച രചനകൾക്ക് സമ്മാനം നൽകും. കഥകൾ മുമ്പ് പ്രസിദ്ധീകരിക്കാത്തവ ആയിരിക്കണം. തിരഞ്ഞെടുത്ത രചനകൾ ആരാമത്തിൽ പ്രസിദ്ധീകരിക്കും. രചനകൾ അയക്കേണ്ട അവസാന തീയതി ഡിസംബർ 30. വിലാസം: എഡിറ്റർ, കഥാ രചനാ മത്സരം, ആരാമം മാസിക, ഹിറാ സെൻറർ, മാവൂർ റോഡ്, കോഴിക്കോട്- 673 004

### കേളി സാഹിത്യ അവാർഡ് 2018

പരപ്പനങ്ങാടി മുഹമ്മദ് സ്മാരക വായനശാല കേളി സാഹിത്യ അവാർഡിന് പരിഗണിക്കുന്നതിനായി ചെറുകഥകൾ ക്ഷണിക്കുന്നു. മുമ്പ് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത മൗലിക രചനകൾ ഡിസംബർ 25നകം ലഭിക്കത്തക്കവിധത്തിൽ സെക്രട്ടറി, മുഹമ്മദ് സ്മാരക വായനശാല, പരപ്പനങ്ങാടി 676303 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ഫോൺ: 9447320528

### അഖിലകേരള കവിത രചനാ മത്സരം

ചെറുളിയിൽ വാസുദേവൻ നമ്പീശൻ മാസ്റ്റർ സ്മാരക സമിതി അഖിലകേരള കവിത രചനാ മത്സരത്തിലേക്ക് കവിതകൾ ക്ഷണിക്കുന്നു. മികച്ച രണ്ട് രചനകൾക്ക് കാഷ് അവാർഡും പ്രശസ്തിഫലകവും നൽകും. താൽപര്യമുള്ളവർ ഇതുവരെ പ്രസിദ്ധീകരിക്കാത്ത ഒരു രചന പേര്, വിലാസം, വയസ്സ്, ഫോൺ നമ്പർ എന്നിവ സഹിതം രാമചന്ദ്രൻ സി.ആർ, സെക്രട്ടറി, സി.വി. നമ്പീശൻ മാസ്റ്റർ സ്മാരക സമിതി, ആനന്ദഭവൻ, തിരുവേഗപ്പുറ പി.ഒ, പാലക്കാട്, 679304, ഫോൺ: 0466 2219915, 9495486010 എന്ന വിലാസത്തിൽ 2018 ജനുവരി അഞ്ചിനകം കിട്ടത്തക്കവിധം അയക്കണം.

കഥ



# കാലൻകുട

ഇന്ദിര തുറവൂർ

മാധവിയമ്മ പൊളിഞ്ഞുതുടങ്ങാറായ ഓലപ്പുരയുടെ ഉമ്മറത്തു മുറുക്കിക്കൊണ്ടിരുന്നപ്പോഴാണ് വേലിക്കരികിൽ "കുട നന്നാക്കാനുണ്ടോ" എന്ന നീട്ടിയുള്ള അബുവിൻെറ വിളികേട്ടത്. കൈവിരലുകൾക്കിടയിലൂടെ നീട്ടിത്തുപ്പി "ഒന്നിങ്ങോട്ടു വാ അബൂ" എന്ന് മാധവിയമ്മ നീട്ടി വിളിച്ചു.

തലയിൽ മൂന്നുനാല് ഒടിഞ്ഞ കുടയുടെ കെട്ടും കൈയിൽ ഒരു തകരപ്പെട്ടിയുമായി അബു മാധവിയമ്മയുടെ മുറ്റത്തെത്തി. "നീ ഇവിടെ നിൽക്ക് ഞാൻ ഇപ്പോൾ വരാം" -മാധവിയമ്മ അകത്തു പോയി നരച്ച ഒരു കാലൻകുടയുമായി വന്നു.

"ഇതിൻെറ ഒരു കമ്പി ഒടിഞ്ഞിട്ടുണ്ട്. ഒന്നു നന്നാക്കണേ. തുലാവർഷം വരാറായി."

അബു കാലൻകുട നിവർത്തി. "ഒന്നല്ല രണ്ടു കമ്പി ഒടിഞ്ഞിട്ടുണ്ടല്ലോ, മാധവിയമ്മേ..."

"നീ ഇതൊന്നു നന്നാക്കി താ. അദ്ദേഹത്തിൻെറ ഓർമക്കായി ആകെയുള്ള സമ്പാദ്യം ഇതു മാത്രമാണ്".

അടുത്ത വരവിനു കൊണ്ടുവരാമെന്നു പറഞ്ഞ് ഒടിഞ്ഞകുടയുമായി "കുട നന്നാക്കാനുണ്ടോ" എന്നു നീട്ടിവിളിച്ച് അബു ഇടവഴിയിലേക്കു നടന്നുമറഞ്ഞു.

തുലാവർഷത്തെ കോരിച്ചൊരിയുന്ന മഴയത്തായിരുന്നു അബുവിൻെറ അടുത്തവരവ്. ഉമ്മറത്തു മാധവിയമ്മയെ കണ്ടില്ല. നനഞ്ഞ ഓലപ്പുരയുടെ കതക് അടഞ്ഞുകിടക്കുന്നു.

"മാധവിയമ്മേ"... അബു നീട്ടിവിളിച്ചു.

വിളികേട്ട് അടുത്ത വേലിക്കപ്പുറത്തുനിന്ന് ആരോ പറഞ്ഞു. ഒരു ശബ്ദം മാത്രമാണ് അബു കേട്ടത്.

"മാധവിയമ്മ കഴിഞ്ഞയാഴ്ച ദീനംവന്നു മരിച്ചു."

ഇനിയെന്തു ചെയ്യണമെന്നറിയാതെ അബു ഒരുനിമിഷം ശങ്കിച്ചുനിന്നു. പിന്നെ ചുറ്റിലും നോക്കി.

വീടിൻെറ തെക്കേമൂലയിൽ ഒരു മൺകൂന മഴയിൽ നനഞ്ഞുകിടക്കുന്നു. അതിൻെറ തലക്കലായി മഴയിൽ കുളിച്ചുനിൽക്കുന്ന ഒരു തൈയും അബു കണ്ടു.

അബു പതുക്കെ അങ്ങോട്ടുനടന്നു. നന്നാക്കി കൊണ്ടുവന്ന കാലൻ കുട തൈ നനയാതെ മൺകൂനയിൽ നിവർത്തിവെച്ചു. പിന്നെ വിഷമത്തോടെ തിരഞ്ഞു നടന്നപ്പോൾ മഴയുടെ ശക്തി കൂടിത്തുടങ്ങിയിരുന്നു. ●



# ഫാസിസം

മെഹദ് മഖ്ബൂൽ

പാട്ട്
സിനിമ
പ്രണയം
ഒന്നും ഇഷ്ടമില്ലാത്ത
കുരക്കുന്ന
കടിക്കുന്ന
ഒരു പട്ടി
നാട്ടിലാകെ
അലഞ്ഞു നടപ്പുണ്ട്,
ബീഫിൻെറ മണവും പിടിച്ച്...

വായന

# പുനർവായനയുടെ രാഷ്ട്രീയം

രാജേഷ് കെ. എരുമേലി


സംവാദങ്ങൾ സാധ്യമാകാത്ത തരത്തിൽ സാംസ്കാരിക രംഗം അസഹിഷ്ണുതയാൽ ബലപ്പെടുന്ന സവിശേഷ ഘട്ടത്തിലാണ് ഡോ. പ്രദീപൻ പാമ്പിരികുന്ന് എഡിറ്റ് ചെയ്ത 'നാരായണഗുരു പുനർവായനകൾ' എന്ന പുസ്തകം വായനയിൽ പ്രതിപാഠങ്ങൾ തീർക്കുന്നത്.

ചരിത്ര പുരുഷന്മാരെ പലതരത്തിൽ വിലയിരുത്താനും വിശകലനം ചെയ്യാനും ചിലപ്പോഴൊക്കെ അവരുടെ ആശയങ്ങളെ വളച്ചൊടിക്കാനുമെല്ലാമുള്ള ശ്രമം ഇന്ന് സജീവമാണ്. പുതിയ കാലത്ത് നാരായണഗുരു ഉൾപ്പെടെയുള്ള നവോഥാന നായകരെ ദൈവികമായ പരിവേഷത്തിലേക്ക് സന്നിവേശിപ്പിക്കുകയും അവരുടെ ആശയങ്ങളെ പൂർണമായും തള്ളിക്കളഞ്ഞ് ഏതെങ്കിലും പ്രത്യേക കള്ളിയിൽ ഒതുക്കുവാനുള്ള ശ്രമത്തെയും വിമർശന വിധേയമാക്കുകയാണ് ഈ പുസ്തകം.

ആധുനിക കേരളത്തിൻെറ നിർമിതിയിൽ നാരായണഗുരു വഹിച്ച പങ്കിനെ വസ്തുനിഷ്ഠമായി പരിശോധിക്കുകയാണ് ഇതിലെ ഓരോ പഠനങ്ങളും. എഡിറ്ററുടേത് ഉൾപ്പെടെ എട്ട് പഠനങ്ങളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നാരായണഗുരുവിൽ തുടങ്ങി നാരായണഗുരുവിൽ അവസാനിക്കുന്നതല്ല കേരളത്തിൻെറ നവോഥാന ചരിത്രം എന്നും അത് വ്യത്യസ്തമായ സ്ഥലികളിലൂടെയും ചിന്തകളിലൂടെയും കടന്നുപോയതാണെന്നുമുള്ള നവോഥാനത്തിൻെറ ബദൽ പാഠമാണ് ഈ പുസ്തകത്തിലൂടെ പ്രസക്തമാകുന്നത്. നാരായണഗുരുവിനെ വിമർശനാത്മകമായി പരിശോധിക്കുമ്പോഴും നവോഥാനത്തെ സമരോത്സുകമാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് തള്ളിക്കളയുന്നില്ല. ഒരേ സമയം ആത്മീയതയുടെയും ഭൗതികതയുടെയും ഇടത്തിലാണ് നാരായണഗുരുവിനെ കേരളീയ സമൂഹം അടയാളപ്പെടുത്തിയിട്ടുള്ളത്. അതും പരിശോധിക്കുന്നുണ്ട്.

നാരായണഗുരുവിൻെറ മതദർശനം എന്തായിരുന്നുവെന്ന് വിശകലനം ചെയ്യുകയാണ് സുനിൽ പി. ഇളയിടം 'ഹിന്ദുമതം എന്നൊരു മതമേ ഇല്ലല്ലോ' എന്ന പഠനത്തിലൂടെ. ഗുരുവിനെ ഹിന്ദുസന്യാസി ആക്കാനും ഹൈന്ദവ നവോഥാനത്തിൻെറ പ്രയോക്താവാക്കാനുമുള്ള ശ്രമങ്ങൾ ശക്തമാകുമ്പോൾ അത്തരം ആശയങ്ങളുടെ മുനയൊടിക്കുന്ന തരത്തിൽ വളരെ ആഴത്തിൽ ഗുരുവിനെ വിശകലനം ചെയ്യുകയാണ് ഈ പഠനം.

'കേരള നവോഥാനം ഒരു പുനർവായന' എന്ന ജെ. രഘുവിൻെറ ലേഖനം നാരായണഗുരുവിൻെറ ജീവിതയാത്രകളും അതിൻെറ വ്യതിരിക്തതയും പരിശോധിക്കുന്നതോടൊപ്പം കേരളത്തിൻെറ സാംസ്കാരിക മണ്ഡലത്തിൽ മാറ്റത്തിന് പ്രചോദനമായ പ്രസ്ഥാനമെന്ന അർഥത്തിൽ എസ്.എൻ.ഡി.പി യോഗത്തെയും പഠിക്കുന്നു. നാരായണഗുരുവിനൊപ്പം യോഗത്തിനും സംഭവിക്കുന്ന മാറ്റങ്ങളെ ഇതിൽ സംവാദത്തിന് വിധേയമാക്കുന്നു.



**നാരായണഗുരു പുനർവായനകൾ**
എഡിറ്റർ: ഡോ. പ്രദീപൻ പാമ്പിരികുന്ന്
പ്രോഗ്രസ് പബ്ലിക്കേഷൻസ് കോഴിക്കോട്
വില 100 രൂപ

നാരായണഗുരുവിൻെറ ആശയങ്ങൾക്ക് ദലിത് സമൂഹത്തിൽ എത്രമാത്രം സ്വാധീനം ചെലുത്താൻ കഴിഞ്ഞുവെന്ന അന്വേഷണമാണ് 'ശ്രീനാരായണ പ്രസ്ഥാനത്തിൻെറ കീഴാള പക്ഷം' എന്ന കെ.കെ.കൊച്ചിൻെറ ലേഖനം. ദലിത് സമുദായ സ്വത്വ രൂപീകരണത്തിൽ ഗുരുവിൻെറ മൂല്യസങ്കൽപങ്ങൾ ഉൾച്ചേർക്കപ്പെട്ടത് എങ്ങനെയാണെന്നുമുള്ള വ്യതിരിക്തമായ പഠനമാണിത്.

അരുവിപ്പുറം പ്രതിഷ്ഠയും അതിനെത്തുടർന്ന് കേരളീയ നവോഥാനത്തിലുണ്ടായ ഉണർവും പരിവർത്തനവും എങ്ങനെയായിരുന്നുവെന്ന അന്വേഷണവുമാണ് 'ഈഴവ ശിവൻ: നവോഥാന അനന്തര സഞ്ചാരങ്ങൾ" എന്ന പഠനത്തിൽ കെ.വി. ശശി ഉയർത്തുന്നത്. നാരായണഗുരുവിൻെറ ആശയങ്ങളിലേക്ക് വസ്തുനിഷ്ഠമായും സംവാദാത്മകമായും കടന്നുപോകുന്ന ഈ പഠനം, നാരായണഗുരുവുമായി ബന്ധപ്പെട്ട് എഴുതപ്പെട്ട എല്ലാ രേഖകളും പരിശോധിക്കാനും പ്രധാനപ്പെട്ടതൊക്കെ ഇതിനൊപ്പം ചേർക്കാനും ശ്രമിച്ചിട്ടുണ്ട്. ചരിത്ര അന്വേഷകർക്കും ചരിത്ര വിദ്യാർഥികൾക്കും ഒട്ടേറെ വിവരങ്ങൾ ഈ പഠനത്തിൽ നിന്ന് ലഭിക്കും.

'ദൈവദശകം' മുന്നോട്ട് വെക്കുന്ന നന്മയുടെ ഭാവങ്ങളെ വിശകലനം ചെയ്യുന്ന പഠനമാണ് ഡോ.കെ.എം. അനിൽ എഴുതിയ 'നന്മയുടെ ഭാവങ്ങൾ ദൈവദശകത്തിലും തിരുക്കുറലിലും' എന്നത്. പാശ്ചാത്യ ചിന്തകർ മുന്നോട്ട് വെച്ച നന്മ എന്ന ഭാവത്തിൻെറ പശ്ചാത്തലത്തിലല്ല, മറിച്ച് ഇന്ത്യൻ യാഥാർഥ്യത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള, അതായത് ഇവിടത്തെ ജാതീയമായ മേൽക്കോയ്മയെ അട്ടിമറിക്കുന്ന തരത്തിലുള്ള ചിന്തയാണ് നാരായണഗുരുവിൻെറതെന്നാണ് ഈ പഠനം സൂചിപ്പിക്കുന്നത്. ദൈവദശകവും തിരുക്കുറലും താരതമ്യം ചെയ്തുകൊണ്ടുള്ള പഠനമാണ് ഇതിൽ വികസിക്കുന്നത്. ഇന്ത്യയിലെ വർണാശ്രമ വ്യവസ്ഥക്ക് പുറത്തുനിന്നുകൊണ്ട് ഒരു ഭാവനയെ നിർമിക്കുവാൻ കഴിയുന്നു എന്നതാണ് ദൈവദശകത്തിൻെറയും തിരുക്കുറലിൻെറയും പ്രത്യേകതയെന്നാണ് ഡോ. അനിൽ നിരീക്ഷിക്കുന്നത്.

ഗുരുവിൻെറ മതവീക്ഷണം എന്തായിരുന്നു എന്ന അന്വേഷണമാണ് 'ഗുരുവിൻെറ മതം ഏത്' എന്ന പഠനത്തിൽ ഡോ. കെ. സുഗതനും നടത്തുന്നത്. നാരായണഗുരുവിൻെറ ജാതിയില്ലാ വിളംബരത്തിൻെറ നൂറാം വാർഷികം കൊണ്ടാടുന്ന സമയത്ത് അതിനെ മുൻനിർത്തിയാണ് അദ്ദേഹം ഈ പഠനം നടത്തുന്നത്. ഈ പഠനവും ചില ചോദ്യങ്ങൾ മുന്നോട്ട് വെക്കുന്നുണ്ട്.

നാരായണഗുരുവിൻെറ സ്ത്രീ കാഴ്ചപ്പാടുകളെ വിമർശനപരമായി വിശകലനം ചെയ്യാനുള്ള ശ്രമമാണ് ബിനീഷ് പുതുപണം എഴുതിയ 'നാരായണഗുരുവിൻെറ സ്ത്രീ ഭാവനകൾ' എന്ന പഠനത്തിലുള്ളത്. ഗുരുവിൻെറ കൃതികളെ പരിശോധിച്ചുകൊണ്ടാണ് ഈ വിമർശനങ്ങൾ അദ്ദേഹം ഉയർത്തുന്നത്. പുതിയ കാലത്തിൻെറ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടുള്ള അന്വേഷണമാണിത്.

ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിൽ ഗുരു പങ്കുവഹിച്ച ഏതെങ്കിലും ഒരു സമരത്തെ മുൻനിർത്തിയുള്ള എഴുത്തുകൾ മാത്രമായാണ് അടുത്ത കാലംവരെ പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. എന്നാൽ അതിനെയെല്ലാം കീഴ്മേൽ മറിക്കുന്ന മൗലികമായ കാഴ്ചപ്പാടാണ് 'ആധുനിക കേരളം ആരുടെ ഭാവനയാണ്' എന്ന പ്രദീപൻ പാമ്പരികുന്നിൻെറ പഠനം. കീഴാള സമൂഹം നടത്തിയ ചെറുത്തുനിൽപുകളെയാണ് ഈ പഠനത്തിൽ അദ്ദേഹം അടയാളപ്പെടുത്തുന്നത്. ഒപ്പം കൊളോണിയൽ ആധുനികത സൃഷ്ടിച്ച ദലിത് അവബോധത്തെയും പ്രശ്നവൽക്കരിക്കുന്നു. കീഴാള സമൂഹങ്ങളിൽനിന്ന് രൂപപ്പെട്ടിട്ടുള്ള വ്യവഹാരങ്ങളാണ് കേരളത്തെ ആധുനികമാക്കിയതെന്ന അപനിർമിതിയുടെ പാഠമാണ് പാമ്പരികുന്ന് മുന്നോട്ട് വെക്കുന്നത്.

നാരായണഗുരുവിനെ സ്വന്തമാക്കാൻ ശ്രമിക്കുന്ന അധീശത്വ മൂല്യബോധങ്ങളോട് ഏറ്റുമുട്ടുന്നു എന്നതാണ് ഈ പുസ്തകത്തിൻെറ പ്രസക്തി. അല്ലെങ്കിൽ ഒരു പ്രതിമയായി, വാഴ്ത്തപ്പെടലായി, വളച്ചൊടിക്കലായി മാത്രം നാരായണഗുരു ചരിത്രത്തിൻെറ വിസ്മൃതിയിലേക്ക് മാഞ്ഞുപോകുവാൻ ഇടവരും.

നാരായണഗുരുവിനെക്കുറിച്ച് നിരവധി പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ടെങ്കിലും ഗുരുവിൻെറ ആശയങ്ങളെ പുതിയ കാലത്തിൻെറ സാമൂഹിക സന്ദർഭത്തിൽവെച്ച് പഠിക്കാനുള്ള ശ്രമമാണ് ഈ പുസ്തകം. അതാണ് ഈ പുസ്തകത്തിൻെറ പ്രാധാന്യവും. ●

കവിതകൾ

# ഭൂമികന്യ




● ചിത്രീകരണം: **കെ. നിസാർ**

എൻ. കെ. രശ്മി

നീ...ഭൂമികന്യ...
ആകാശപ്പറവകൾക്ക് വേണ്ടി
ജലപുഷ്പമൊരുക്കി
കാത്തിരുന്നവൾ
അറിഞ്ഞുവോ നീ...
നീ കൂട്ടത്തിലൊരുവൾ!
ഒരിടത്താവളം!
പിച്ചവെക്കാൻ...
കൂടൊരുക്കാൻ...
പറന്നുയരാൻ...
ഒടുവിൽ മൃതിയിലണയാൻ...
ഒരിടത്താവളം!
അവർ നിന്നിൽ
ബന്ധിതരേ അല്ല!
ഇനി നീ, ഉള്ളിലൂറുന്ന
അമ്മിഞ്ഞപ്പാലിനെ
തണലായ്... കുളിരായ്...
അരുവിയായ്...
പൂക്കളായ്...കായ്കളായ്...
പ്രണയമായ്... സ്നേഹമായ്...
പങ്കുവെക്കുക...
ദാഹിച്ചണയുവോർക്കായ്...
മനസ്സിൻ കണ്ണാടിയിൽ
തെളിയുന്ന ബിംബങ്ങൾ കൊണ്ടു
ഗന്ധർവലോകം തീർക്കാതിരിക്കുക...
നീ ഭൂമികന്യ...

പുസ്തകം




**റോഹിങ്ക്യ അഭയാർഥി ശ്രീബുദ്ധനോട് ചോദിക്കുന്നു**
പി.കെ. പാറക്കടവ്
പേജ്: 332, വില: 300.00
വിചാരം ബുക്സ്

മാധ്യമം ആഴ്ചപ്പതിപ്പിലെ 'തുടക്കം' എന്ന കോളത്തിൽ പ്രസിദ്ധീകരിച്ച ശ്രദ്ധേയമായ കൊച്ചു ലേഖനങ്ങളിൽനിന്ന് തിരഞ്ഞെടുത്തവയുടെ സമാഹാരം.




**മുലച്ചിപ്പറമ്പ്**
ദലിത് ബന്ധു
പേജ്: 74, വില: 75.00
ഹോബി പബ്ലിഷേഴ്സ്

ചരിത്രകാരന്മാർ കാണാതെ പോയ ചരിത്ര വസ്തുതകളിൽനിന്ന് കണ്ടെടുത്ത വസ്തുതകൾ സത്യസന്ധതയോടെയും ആത്മാർഥതയോടെയും രേഖപ്പെടുത്തുന്ന കൃതി.




**ഉയരത്തേക്കാൾ ആഴത്തിൽ**
എഡിറ്റർ: നാസർ കൂടാളി
പേജ്: 160, വില: 135.00
സൈകതം

പുതുകാലം, പുതുകഥ എന്നീ ആമുഖത്തോടെ മലയാളത്തിലെ പ്രമുഖരായ 13 യുവ കഥാകൃത്തുക്കളുടെ മികച്ച കഥകളുടെ സമാഹാരം. വി.ജെ. ജയിംസിൻെറ ആമുഖം.



**എൻ.എൻ. പിള്ളയിലേക്ക് ഒരു ഫ്ലാഷ്ബാക്ക്**
ബിജു നെട്ടറ
പേജ്: 144, വില: 150.00
കടമ്പ് സാംസ്കാരിക വേദി

നാടകാചാര്യനായിരുന്ന എൻ.എൻ. പിള്ളയുടെ സർഗാത്മക ജീവിതം അടയാളപ്പെടുത്തുന്ന പുസ്തകം. എൻ.എൻ. പിള്ളയുമായുള്ള ഇൻറർവ്യൂവും പുസ്തകത്തിൻെറ ഭാഗമാണ്.




**ഒറ്റക്കാലൻ കാക്ക**
വി.ജെ. ജയിംസ്
പേജ്: 114, വില: 110.00
ഡി.സി ബുക്സ്

മൃഗങ്ങൾക്കും പക്ഷികൾക്കും സസ്യജന്തുജാലങ്ങൾക്കുമൊപ്പം നിർജീവ വസ്തുക്കൾ പോലും മനുഷ്യമനസ്സുമായി സംവദിക്കുന്നതെങ്ങനെ എന്ന് ചർച്ചചെയ്യുന്ന നോവൽ.



**വിജയത്തിന് ചില രസക്കൂട്ടുകൾ**
ടോണി ചിറ്റേട്ടുകളം
പേജ്: 114, വില: 100.00
ഹാർമണി

ജീവിതവിജയത്തിന് സഹായകമാകുന്ന ചില ആശയങ്ങൾ മുന്നോട്ടുവെക്കുന്ന കൃതി. ബന്ധങ്ങളും സൗഹൃദങ്ങളും നിലനിർത്താനും മെച്ചപ്പെടുത്താനും സഹായിക്കുന്ന ലേഖനങ്ങൾ.



**സ്വയംവരം**
ഷാലൻ വള്ളുവശ്ശേരി
പേജ്: 52, വില: 50.00
നാഷണൽ ബുക്ക് സ്റ്റാൾ

ജീവിതഗന്ധിയായ നോവൽ. കഥാപാത്രങ്ങളുടെ മിഴിവുകൊണ്ടും ആഖ്യാനത്തിൻെറ മികവുകൊണ്ടും സാമൂഹിക പ്രസക്തികൊണ്ടും ഒറ്റയിരുപ്പിൽ വായിക്കാവുന്ന പുസ്തകം.



**ആരോഗ്യവിചാരം**
നവാസ് മൂന്നാംകൈ
പേജ്: 72, വില: 80.00
ലൂമിനസ് പബ്ലിക്കേഷൻസ്

പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദം, വൃക്കസ്തംഭനം തുടങ്ങിയ ജീവിതശൈലി രോഗങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന പുസ്തകം.



ഗ്യാസ് സ്റ്റൗവും ഒരു സിലിൻഡറും റെഗുലേറ്ററും ഒക്കെയായി ഒരാൾ എത്തി.
7000 രൂപ കൈയോടെ വാങ്ങിച്ചു.
ഒരു കടലാസുമില്ല, ആധാർ കാർഡോ റേഷൻ കാർഡോ വേണ്ട,
പറയുന്ന പണം കൊടുത്താൽ മാത്രം മതി.
ഇവിടത്തെ പലചരക്ക് കടകളിൽ മറ്റ് സാധനങ്ങൾക്കൊപ്പം ഗ്യാസ് കുറ്റി കൂടി നിരത്തിവെച്ചിരിക്കുന്നത് കാണാം.

# അതിജീവനത്തിൻെറ മണിപ്പൂർ പാഠങ്ങൾ

ടി. വിനോദ്കുമാർ

മണിപ്പൂരിൽ ബന്ദും ഹർത്താലും ജീവിതത്തിൻെറ ഒരു ഭാഗമാണ്. പത്താളുകൾ പോലുമില്ലാത്ത സംഘടനകൾ തുടങ്ങി മണിപ്പൂരിൽ സജീവമായി പ്രവർത്തിക്കുന്ന തീവ്രവാദിസംഘടനകൾ വരെ ഇടക്കിടെ ബന്ദും ഹർത്താലും ആഹ്വാനം ചെയ്യും. ആളുകൾ ക്ഷമയോടെ ആഹ്വാനം ചെവിക്കൊള്ളും, കടകമ്പോളങ്ങളെല്ലാം അടഞ്ഞുകിടക്കുകയും ചെയ്യും. കേരളത്തിൽ അംഗീകാരമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ് ആഹ്വാനം ചെയ്യാറുള്ളതെങ്കിൽ ഇവിടെ തീവ്രവാദിസംഘടനകളാണെന്ന ഒരു വ്യത്യാസമേയുള്ളൂ.

വിമാനത്താവളവും പരിസരവും ഇവയൊന്നും അറിയാറില്ല. വിമാനത്താവളത്തിനുമുന്നിലുള്ള ഹൈവേയിലുള്ള ചെറിയ കടകൾ ഒക്കെ തുറക്കും. തീവ്രവാദിഭീഷണിയുള്ളതിനാൽ വിമാനത്താവളം എപ്പോഴും പൊലീസിൻെറയും പട്ടാളത്തിൻെറയും നിരീക്ഷണത്തിലായത് കാരണം ഇവിടങ്ങളിൽ കടയടപ്പിക്കാനും മറ്റും ആരും വരാറില്ല. ഒരു ഞായറാഴ്ച ഇംഫാൽ സിറ്റിയിലുള്ള കാംഗ്ല കോട്ട കാണാൻ പുറപ്പെട്ടു. അവിടെ എത്തിയപ്പോഴാണറിഞ്ഞത് അന്ന് ഹർത്താലാണെന്ന്. വെറുതെ ചുറ്റിക്കറങ്ങി തിരിച്ചുപോന്നു.

നവംബർ 21 മുതൽ 30 വരെ മണിപ്പൂരിലെ പ്രശസ്തമായ 'സാങ്കായ്' ഉത്സവം നടക്കും. ഈ വർഷം ആദ്യത്തെ രണ്ട് ദിവസങ്ങളിൽ ഇപ്പോഴത്തെ ബി.ജെ.പി സർക്കാറിൻെറ നേതൃത്വത്തിൽ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളുടെ വികസനസംഗമവും നടന്നു. ഉദ്ഘാടനം ചെയ്തത് നമ്മുടെ സാക്ഷാൽ രാഷ്ട്രപതി. കേന്ദ്രമന്ത്രിമാരുടെ ഒരു സംഘം തന്നെ എത്തി. എന്ത് കാര്യം; മണിപ്പൂരിലെ തീവ്രവാദി സംഘടനകളെല്ലാം ചേർന്ന് അന്ന് ബന്ദ് പ്രഖ്യാപിച്ചു. കടകമ്പോളങ്ങൾ അടഞ്ഞുകിടന്നതല്ലാതെ മറ്റൊരു വ്യത്യാസവുമുണ്ടായില്ല. പരിപാടി ഉദ്ഘാടനം ചെയ്ത്, കലാപരിപാടികളും കണ്ട് രാഷ്ട്രപതിയും മന്ത്രിമാരും തിരിച്ചുപോവുകയും ചെയ്തു. ആളുകൾ കുറവാണെങ്കിലും ആയുധവും പണവും ഇവർക്കുണ്ട്. അതുകൊണ്ടുതന്നെ എതിരിട്ട് നിൽക്കാൻ ആർക്കുമാവില്ല.

ഒന്നോ രണ്ടോ ദിവസങ്ങൾ നീളുന്ന ബന്ദുകൾ മാത്രമല്ല. ചിലപ്പോൾ മാസങ്ങളോളം ഹൈവേകളിൽ വാഹനനീക്കം തടയുന്ന രീതിയും ഉണ്ട്. കഴിഞ്ഞവർഷം സെപ്റ്റംബർ തുടങ്ങി ഹൈവേ ഉപരോധം ഉണ്ടായിരുന്നുവെന്ന് ആളുകൾ പറയുന്നു. ഇത്തരം ഉപരോധങ്ങളെ പൊലീസോ പട്ടാളമോ എതിർക്കാറില്ല. പട്ടാളം ഹൈവേയിൽ കോൺവോയ് അടിസ്ഥാനത്തിൽ അവരുടെ സാധനങ്ങൾ എത്തിക്കും. ഇതിനെ തടയാനൊന്നും തീവ്രവാദികളും നിൽക്കാറില്ല. മറ്റ് വാഹനങ്ങൾ പ്രത്യേകിച്ച് ചരക്ക് ലോറികൾ വരുമ്പോൾ ലോറി ഒന്നിന് ഇത്ര രൂപ എന്ന് വെച്ച് വാങ്ങും, അത്രമാത്രം. ഇതിനായി സർക്കാർ ചെക്പോസ്റ്റ് പോലെ തന്നെ തീവ്രവാദികൾക്ക് അവരുടേതായ ചെക്പോസ്റ്റുകളുണ്ട്.

ഒരിക്കൽ വിമാനത്താവളത്തിലേക്ക് വേണ്ട ചില ഉപകരണങ്ങൾ അടങ്ങുന്ന ലോറി അഞ്ചുദിവസം മണിപ്പൂർ-നാഗാലാൻഡ് അതിർത്തിയിൽ കിടക്കേണ്ടി വന്നു. പുതിയ കമ്പനി ആയതിനാൽ അവർക്ക് മാമൂലുകളെപ്പറ്റി അറിയില്ലായിരുന്നു. മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ലോറിയുടെ ഡ്രൈവർ എന്നെ വിളിച്ചു. അപ്പോഴാണറിഞ്ഞത് അതിർത്തിയിൽ കുടുങ്ങിക്കിടക്കുകയാണെന്ന്. അനധികൃത ചെക്പോസ്റ്റിൽ കൊടുക്കാൻ അവരുടെ കൈയിൽ പണമുണ്ടായിരുന്നില്ല. ഒടുവിൽ മണിപ്പൂരിലെ ആർമി ആസ്ഥാനത്ത് ബന്ധപ്പെട്ട് ആർമി കോൺവോയിൽ ഉൾപ്പെടുത്തി ലോറി ഇംഫാലിൽ എത്തിക്കുകയായിരുന്നു.

ഇത്തരം ബന്ദുകളിലും ഹൈവേ ബ്ലോക്കുകളിലും പരിചയിച്ചതുകൊണ്ടായിരിക്കാം, ഇതിനെ അതിജീവിക്കാൻ മാർഗങ്ങൾ ഇവിടത്തുകാർ കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല, ഇത്തരം ബന്ദുകൾ അവർക്ക് ഒരു വരുമാനമാർഗം തുറന്നുകൊടുക്കുന്നു കൂടിയുണ്ട്. സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് കൂടിയ വിലക്ക് വിൽക്കാൻ ബന്ദുകൾ സഹായിക്കുന്നു.

മാസങ്ങൾ നീണ്ട ഉപരോധം കാരണം പെട്രോൾ വില ലിറ്ററിന് 250 രൂപ വരെ ഉയർന്നു. പെട്രോൾ കിട്ടും, ഉയർന്നവില കൊടുക്കണമെന്ന് മാത്രം. ഇപ്പോഴും നിരത്തുകളിൽ പെട്രോൾ നിറച്ച പ്ലാസ്റ്റിക് കുപ്പികളും ഫണലുമായി കുത്തിയിരിക്കുന്നവരെ കാണാൻ പറ്റും. വലിയ കാനിൽ പെട്രോളും അളന്നൊഴിക്കാൻ പണ്ട് റേഷൻ കടകളിൽ മണ്ണെണ്ണ എടുത്തൊഴിക്കാൻ ഉപയോഗിച്ചിരുന്ന കൈപ്പിടിയുള്ള അറ്റം കൂർത്ത അളവുപാത്രവും. പോയ നല്ല കാലം ഓർത്തുകൊണ്ട് വീണ്ടും ഒരു ഉപരോധത്തിനുള്ള കാത്തിരിപ്പിലാണ് ഈ പാവങ്ങൾ എന്ന് തോന്നി.



സ്ഥലം മാറ്റമായി എത്തിയപ്പോൾ, എനിക്ക് വേണ്ടി റിസർവ് ചെയ്ത ക്വാർട്ടേഴ്സ് അടുക്കളയിൽ പരിമിതമായ സൗകര്യങ്ങളുണ്ടായിരുന്നു. ഒരുവർഷം മാത്രം നീണ്ട പോസ്റ്റിങ്ങിൽ വരുന്നതുകാരണം മിക്കവരും കുടുംബത്തെ കൂട്ടാറില്ല. ഒരു വർഷം കഴിയുമ്പോൾ വീട്, വീട്ടുസാധനങ്ങൾ അടക്കം അടുത്തയാൾക്ക് കൈമാറി തിരിച്ചുപോവുകയാണ് രീതി.

എനിക്ക് മുമ്പ് താമസിച്ചയാളും ഒറ്റക്കായിരുന്നു. ഒരാൾക്ക് പാചകത്തിനുവേണ്ട അത്യാവശ്യം സാധനങ്ങൾ മാത്രം. ഗ്യാസ് ഇല്ല, ഇൻഡക്ഷൻ സ്റ്റൗ മാത്രം. അതിൽ എല്ലാം പാചകം ചെയ്യാനാവില്ലല്ലോ. ഞാനാണെങ്കിൽ കുടുംബവുമായാണ് എത്തിയത്. ഗ്യാസ് വേണമെന്ന് ഇവിടെയുള്ള ഒരാളോട് പറഞ്ഞതേ ഉള്ളൂ, പിറ്റേദിവസം രാവിലെ തന്നെ ഗ്യാസ് സ്റ്റൗവും ഒരു സിലിൻഡറും റെഗുലേറ്ററും ഒക്കെയായി ഒരാൾ എത്തി. 7000 രൂപ കൈയോടെ വാങ്ങിച്ചു. ഒരുവർഷം കഴിഞ്ഞ് തിരിച്ചുപോകുമ്പോൾ അവർ തന്നെ തിരിച്ചുകൊണ്ടുപൊയ്ക്കൊള്ളും എന്ന കരാറിൽ. പകുതി പണം തരുമായിരിക്കും. അടുത്തയാൾ വരുമ്പോൾ വീണ്ടും ഇതാവർത്തിക്കാം. ഒരു കടലാസുമില്ല, ആധാർ കാർഡോ റേഷൻ കാർഡോ വേണ്ട, പറയുന്ന പണം കൊടുത്താൽ മാത്രം മതി. ഇവിടത്തെ പലചരക്ക് കടകളിൽ മറ്റ് സാധനങ്ങൾക്കൊപ്പം ഗ്യാസ് കുറ്റി കൂടി നിരത്തിവെച്ചിരിക്കുന്നത് കാണാം.

പച്ചക്കറികൾക്കെല്ലാം വലിയ വിലയാണ്. സാധാരണ നമ്മൾ കഴിക്കുന്നവക്കെല്ലാം ശരാശരി 100 രൂപ കിലോക്ക്. പഴവർഗങ്ങൾക്കും അങ്ങനെ തന്നെ. വിലക്കുറവുള്ളത് മീനിനാണ്. എവിടെ നോക്കിയാലും കുളങ്ങളും തോടുകളുമായതുകാരണം മീൻ സുലഭം. പുരുഷന്മാരുടെ പ്രധാന ജോലി കുളങ്ങളുടെയും തോടുകളുടെയും കരയിൽ ചൂണ്ടയിട്ടിരിക്കുക എന്നതാണ്. ബാക്കി ഒട്ടുമിക്ക ജോലികളിലും സ്ത്രീകളാണ്. പ്രധാന ഭക്ഷണം ചോറും മീനുമായത് കാരണം ഉപരോധങ്ങൾ ഇവരുടെ നിത്യജീവിതത്തെ കാര്യമായി ബാധിക്കുന്നില്ല. ഉപരോധങ്ങളെ എങ്ങനെ അനുകൂലമാക്കി മാറ്റാം എന്ന് ഇവർ പഠിച്ചിരിക്കുന്നു എന്നുവേണം കരുതാൻ.

ഈയടുത്ത ദിവസം ഇവിടെ മലയാളികൾ നടത്തുന്ന രണ്ട് സ്കൂളുകളിൽ പോയി. അഴിമതിക്കെതിരായി ജാഗ്രത എന്ന വിഷയത്തിൽ വിദ്യാർഥികളെ ബോധവത്കരിക്കുന്നതിൻെറ ഭാഗമായിരുന്നു സന്ദർശനങ്ങൾ. സ്കൂൾ വിടുന്ന നേരത്ത് ദേശീയഗാനത്തിനുപകരം എന്തോ ഒരു പ്രാർഥനാഗീതമായിരുന്നു കേട്ടത്. അന്വേഷിച്ചപ്പോൾ അറിഞ്ഞ കാര്യം അത്ഭുതകരമായിരുന്നു.

ഇവിടെ സ്കൂളുകളിൽ ഇന്ത്യൻപതാക ഉയർത്താനോ ദേശീയഗാനം ആലപിക്കാനോ തീവ്രവാദികൾ അനുവദിക്കുകയില്ല. അങ്ങനെ വല്ലതും സംഭവിച്ചാൽ ആ സ്കൂൾ പിന്നെ മുന്നോട്ട് പോവില്ലത്രെ. മുമ്പൊരു മലയാളി നല്ല രീതിയിൽ നടത്തിക്കൊണ്ടിരുന്ന ഒരു സ്കൂൾ തീവ്രവാദിഭീഷണി കാരണം ആർക്കോ ഏൽപിച്ച് നാടുവിട്ട് പോവേണ്ട അനുഭവം ഉണ്ടായിട്ടുണ്ട്. മണിപ്പൂരിൽ ബിസിനസിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും തീവ്രവാദിസംഘടനകൾക്ക് കപ്പം കൊടുക്കുന്നവരാണ്. ഇതിൽ സ്കൂളുകളും പെടും.

ദേശീയതയുടെ പേരിൽ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ പല നിർബന്ധങ്ങളും നിബന്ധനകളും അടിച്ചേൽപിക്കാൻ നിരന്തരം ശ്രമിക്കുന്ന പാർട്ടിയാണ് ഇപ്പോൾ മണിപ്പൂർ ഭരിക്കുന്നത്. ഇവർക്കും ഇത്തരം കാര്യങ്ങളിൽ കാര്യമായൊന്നും ചെയ്യാൻ സാധിക്കുന്നില്ല. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ അതിജീവന സമവാക്യങ്ങൾ വ്യത്യസ്തമാണെന്ന പാഠം അവരും ഉൾക്കൊണ്ടിരിക്കുന്നു. ●




'സാങ്കായ്' ഉത്സവ കവാടം

നിരത്തുകളിൽ പെട്രോൾ നിറച്ച പ്ലാസ്റ്റിക് കുപ്പികളും ഫണലുമായി കുത്തിയിരിക്കുന്നവരെ കാണാൻ പറ്റും. വലിയ കാനിൽ പെട്രോളും അളന്നൊഴിക്കാൻ പണ്ട് റേഷൻ കടകളിൽ മണ്ണെണ്ണ എടുത്തൊഴിക്കാൻ ഉപയോഗിച്ചിരുന്ന കൈപ്പിടിയുള്ള അറ്റം കൂർത്ത അളവുപാത്രവും.



വഴിയരികിൽ പെട്രോൾ വിൽക്കുന്ന യുവാവ്

